*For circulation among believers only*

റിന്യൂവൽ: ആത്മീയ പുതുക്കത്തിന്

# റിന്യൂവൽ വാർത്താപത്രിക

Reg. No. M6/33628/2001
Postal Registration No.
KL/EKM/429/2009 (Provisional)

Annual Subscription Rs. 50

വാല്യം - 8 | ലക്കം - 4 | മാർച്ച് 2009

### തിരഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങളും സീറ്റും

ഒന്നാം ഘട്ടം – ഏപ്രിൽ 16 (124 സീറ്റ്)
രണ്ടാം ഘട്ടം – ഏപ്രിൽ 23 (141 സീറ്റ്)
മൂന്നാം ഘട്ടം – ഏപ്രിൽ 30 (107 സീറ്റ്)
നാലാംഘട്ടം – മെയ് – 7 (85 സീറ്റ്)
അഞ്ചാം ഘട്ടം – മെയ് 13 (86 സീറ്റ്)

അതാത് ദിവസങ്ങളിലെ രാഷ്ട്രീയ വാർത്തകൾ ശ്രദ്ധിച്ച് പ്രാർത്ഥനാ വിഷയങ്ങൾ ശേഖരിക്കുക. കൂടാതെ താഴെ കാണുന്ന വിഷയങ്ങളും പ്രാർത്ഥനയിൽ ഓർക്കുക.

- പൊതു തിരഞ്ഞെടുപ്പ് കമ്മീഷ്ണർ മറ്റ് അധികാരികൾ
- ഇന്ത്യയിലെ രാഷ്ട്രീയ പാർട്ടി നേതാക്കൻമാർ
- തെരഞ്ഞെടുപ്പ് നടക്കുന്ന ദിവസങ്ങൾക്കുവേണ്ടി
- പ്രസിഡണ്ട് മറ്റ് അധികാരികൾ
- സമാധാനപരമായി തെരഞ്ഞെടുപ്പ് നടക്കുവാൻ

### എസ്.എസ്.എൽ. ക്യാമ്പിന്റെ ഒരുക്കങ്ങൾ പുരോഗമിക്കുന്നു

ഏപ്രിൽ 8 ബുധൻ വൈകിട്ട് മുതൽ 12 തിങ്കൾ വരെ നടക്കുന്ന എസ്.എസ്.എൽ ക്യാമ്പിന്റെ ഒരുക്കങ്ങൾ പുരോഗമിക്കുന്നു.

ഈ കാലഘട്ടത്തിലെ യുവജന ക്യാമ്പുകളുടെ നടത്തിപ്പിൽ വളരെയേറിയ സ്വാധീനം ചെലുത്തിയ ക്യാമ്പാണ് 1989 മുതൽ പ്രാദേശിക ബ്രദ്റൻ സഭകളുടെ സഹകരണത്തിൽ നടത്തിവരുന്ന എസ്.എസ്.എൽ ക്യാമ്പുകൾ. മുഴുവൻ സമയ പങ്കെടുക്കൽ, നിർബന്ധഫീസില്ലാതെ ഫെയിത് ബോക്സ് തുടങ്ങിയവയ്ക്കു ഈ ക്യാമ്പുകളാണ് മുന്നോടിയായത്. 2005 മുതൽ ഒരേ സമയം രണ്ടു സ്ഥലങ്ങളിലായാണ് എസ്.എസ്.എൽ ക്യാമ്പുകൾ നടന്നിരുന്നതെങ്കിലും സീനിയേഴ്സിന്റെയും പരിശീലകരുടെയും സൗകര്യാർത്ഥം ഇപ്രാവശ്യം ഒരുമിച്ച് കോട്ടയം സി.എസ്.ഐ. റിട്രീറ്റ് സെന്ററിൽ നടക്കുന്നു.

എസ്.എസ്.എൽ.സി, സി.ബി.എസ്.ഇ., ഐസി.എസ്.ഇ. വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം.

*വിലാസം* – Robert Thomas, Ebenezer, Rubber Board P.O., Thalappady, Kottayam. Tel : 0481 - 2353853, Thomas John - 9447341237, Tenson Joseph - 9447414222, Vinu Mathew - 9496325317.

### ടീൻസിനും പ്രീടീൻസിനും പുതിയൊരു ക്യാമ്പ്!

കൗമാരപ്രായക്കാർക്ക് 'തകരാതിരിക്കാൻ ഒരുക്കുക' എന്ന ലക്ഷ്യത്തിൽ ഈ വരുന്ന ഓണാവധിക്ക് (സെപ്റ്റംബർ 2 മുതൽ 5 വരെ) തിരുവല്ലായിൽ. 6, 7, 8, 9 ക്ലാസ്സുകളിലെ വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്കു വേണ്ടി പുതിയ സിലബസ്സിൽ. സമാപന ദിവസം മാതാപിതാക്കൾക്കു വേണ്ടി പ്രത്യേക സെഷൻ! പുതിയൊരു തലമുറ ശുശ്രൂഷകൾ ചെയ്യുന്നു. പ്രാർത്ഥിക്കുക. കുട്ടികളെ പ്രോത്സാഹിപ്പിക്കുക. വിശദ വിവരങ്ങൾക്ക് - Teens, PO Box 4, Kuttappuzha, Tiruvalla-689103. 9447360417

# നമുക്ക് ദേശത്തിനു വേണ്ടി പ്രാർത്ഥിക്കാം

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമായ നമ്മുടെ ഭാരതം പൊതു തിരഞ്ഞെടുപ്പിലേക്ക് നീങ്ങികൊണ്ടിരിക്കുകയാണ്. ഈ വരുന്ന ഏപ്രിൽ, മെയ് മാസങ്ങളിൽ തെരഞ്ഞെടുപ്പു നടത്താനുള്ള ഒരുക്കത്തിലാണ് ഇലക്ഷൻ കമ്മീഷൻ. രാജ്യം തെരഞ്ഞെടുപ്പിലേക്ക് നീങ്ങുമ്പോൾ ക്രിസ്തു വിശ്വാസികളായ നമുക്ക് രാജ്യത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ കടപ്പാടുണ്ട്.

കഴിഞ്ഞ അഞ്ചു വർഷക്കാലം വിവിധ ഘട്ടങ്ങളിലൂടെ നമ്മുടെ രാജ്യം കടന്നുപോയി. കഴിഞ്ഞ രണ്ടു വർഷങ്ങൾക്കിടയിലുണ്ടായ ക്രിസ്തീയ പീഡനം ഒറീസയിൽ നിന്ന് തുടങ്ങി പിന്നീട് കർണാടകയിലേക്കും ആളി പടർന്നു. ക്രിസ്തീയ ആരാധനാലയങ്ങൾ, വിശ്വാസികളുടെ ഭവനങ്ങൾ, സ്ഥാപനങ്ങൾ, വസ്തുവകകൾ എല്ലാം തീക്കിരയാക്കി. കണ്ണിൽ ചോരയില്ലാതെ നീങ്ങിയ ഒരു പറ്റം മനുഷ്യർ ലോകത്തിന്റെ മുൻപാകെ ഭാരതത്തിന്റെ മതേതരത്വത്തെ നാണം കെടുത്തി. എങ്കിലും സംയമനം പാലിച്ച ക്രിസ്തീയ സമൂഹം മറ്റൊരു മാതൃക ലോകത്തിനു കാണിച്ചു കൊടുത്തു. സ്നേഹം എന്ന യേശു പഠിപ്പിച്ച മാതൃക.

എങ്കിലും ദൈവത്തിന് നന്ദി പറയുവാൻ അനേക കാര്യങ്ങൾ ഉണ്ട്. അതും നമ്മുടെ ഉത്തരവാദിത്വമാണ്. നമ്മുട രാജ്യത്തിനു വേണ്ടി എങ്ങനെ പ്രാർത്ഥിക്കണം



എന്നുള്ളത് വേദപുസ്തകാടിസ്ഥാനത്തിൽ താഴെ കാണുന്ന ലേഖനത്തിലൂടെ സഹോ. മാത്യു പോൾ നമ്മെ ഓർപ്പിക്കുന്നു.

നാം പ്രവർത്തിക്കുമ്പോൾ, നാം പ്രവർത്തിക്കുന്നു. എന്നാൽ നാം പ്രാർത്ഥിക്കുമ്പോൾ ദൈവം പ്രവർത്തിക്കുന്നു. ("When we work, we work, but when we pray, God works"). എന്ന് പറയാറുണ്ട്. അത് എത്ര വാസ്തവമാണ് എന്നത് പ്രാർത്ഥിക്കുന്നവർക്കെല്ലാം അറിയാവുന്ന ഒരു യാഥാർത്ഥ്യമാണ്. യേശു കർത്താവ് തന്റെ വചനത്താൽ സകലത്തേയും വഹിക്കുന്നു എന്ന് എബ്രാ. 1:3ൽ വായിക്കുന്നു. കർത്താവനുവദിക്കാതെ ഒരു നായ് പോലും അതിന്റെ നാവ് അനക്കുകയില്ല എന്നത് വേദപുസ്തകം വെളിപ്പെടുത്തുന്ന സത്യമാണ് (പുറ. 11:7). മനുഷ്യന് ഇന്നുവരെ അതിരു കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത ഈ പ്രപഞ്ചത്തിൽ ഒരു പരമാണു പോലും അവന്റെ നിയന്ത്രണത്തിലാണ് എന്നത് ഓരോ വിശ്വാസിക്കും അവനിൽ ആശ്രയിക്കുവാനും അതിൽ സന്തോഷിക്കുവാനും വക തരുന്നുണ്ട്. ലംഘിക്കാനാവാത്ത നിയമങ്ങൾ അവൻ വച്ചിരിക്കയാണ് (സങ്കീ. 148 : 6). ആ നിയമങ്ങളാലാണ് അവ എല്ലാം നടത്തപ്പെടുന്നത്.

ഭൗതിക നിയമങ്ങളെപ്പോലെ തന്നെ ആത്മീയ നിയമങ്ങളും അവൻ ഏർപ്പെടുത്തിയിട്ടുണ്ട്. ഭൗതിക നിയമങ്ങളിൽ പലതും ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിട്ടുണ്ട്. എന്നാൽ ആത്മീയ നിയമങ്ങളാകട്ടെ അവൻ തന്റെ ജനമായ യിസ്രയേൽ വഴി ലോകത്തിനു നല്കിയിരിക്കുകയാണ്. (സങ്കീ. 147:19–20) ഈ നിയമങ്ങൾ ആർക്കും ഒരിക്കലും ലംഘിക്കാവുന്നതല്ല. ഈ ആത്മീയ നിയമങ്ങളിൽ ഒന്നാണ് യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും (മത്തായി. 7:7), യാചിക്കായ്ക കൊണ്ട്



*മാത്യു പോൾ*

ലഭിക്കുന്നില്ല (യാക്കോ. 4:2) എന്നത്. യാതൊരു ആത്മീയ കാര്യവും പ്രാർത്ഥനയ്ക്കുത്തരമായിട്ടല്ലാതെ ദൈവം ഈ ഭൂമിയിൽ ഇന്നു ചെയ്യുകയില്ല എന്നാണ് വചനം നമ്മെ വ്യക്തമായി പഠിപ്പിക്കുന്നത്. "യിസ്രയേൽ ജനം എന്നോട് അപേക്ഷിച്ചിട്ട് ഞാൻ ഒന്നു കൂടെ ചെയ്യും". (യെഹ. 36:37). "യഹോവയെ ഓർപ്പിക്കുന്നവരേ, നിങ്ങൾ സ്വസ്ഥമായിരിക്കരുത്. അവൻ യെരുശലേമിനെ യഥാസ്ഥാനപ്പെടുത്തുവോളം അവനു സ്വസ്ഥത കൊടുക്കരുത് (യെശ. 62:6,7). ദൈവമോ, രാപ്പകൽ തന്നോടു നിലവിളിക്കുന്ന തന്റെ വൃതന്മാരുടെ കാര്യത്തിൽ..... അവരെ പ്രതിക്രിയ നടത്തി രക്ഷിക്കാതിരിക്കുമോ? (ലൂക്കോ. 18:7).

എന്തിനാണ് ദൈവം ഇങ്ങനെ ഒരു നിയമം വച്ചിരിക്കുന്നതെന്ന്

*ശേഷം 3–ാം പേജിൽ*

# പിതാമഹന്റെ വയലിൽ

ജർമ്മനിയിലെ ഹസെനിൽ ജനിച്ച് കേരള മണ്ണിൽ സുവിശേഷ വീരചരിത്രമെഴുതിയ വോൾബ്രീറ്റ് നാഗലിന്റെ കൊച്ചുമകൾ പോളിൻ മൺസും ഭർത്താവ് മോറിസ്സ് മൺസും പിതാമഹന്റെ പാദമുദ്രയേറ്റ മണ്ണ് ഒരു നോക്കു കാണുവാനായി കേരളത്തിൽ വന്നു. നാഗലിന്റെ ഇളയ മകൻ കാൾലോപ്പസിന്റെ മകളാണ് പോളിൻ.

1867ൽ നെയ്ത്തു തൊഴിലാളിയായ ഹെയിന്റിച്ച് പീറ്ററിന്റെ രണ്ടാമത്തെ മകനായിരുന്നു വി. നാഗൽ. മലയാള ഭാഷയ്ക്ക് വ്യാകരണം എഴുതി തന്ന ബാസ്സൽ മിഷണറി ഹെർമൻ ഗുണ്ടർട്ടിന്റെയും, വിദ്യാഭ്യാസത്തിലൂടെ സാധുജനതയ്ക്ക് സ്വാതന്ത്ര്യം പ്രഖ്യാപിച്ച സാമുവൽ ഹൈബിക്കിന്റെയും പിൻഗാമിയായിട്ടാണ് 1893ൽ കണ്ണൂരിൽ വി. നാഗൽ വന്നിറങ്ങിയത്. പിന്നീട് വാണിയങ്കുളത്ത് വന്ന വി. നാഗൽ 1896–ൽ വേദപുസ്തകത്തിലെ സത്യങ്ങൾ മനസിലാക്കിയതിനെ തുടർന്ന് ബാസ്സൽ മിഷ്യൻ പ്രവർത്തനങ്ങൾ ഉപേക്ഷിച്ച് കുന്നുംകുളത്ത് വന്നു.

അനാഥർക്ക് പിതാവായും അശരണർക്ക് ആലംബവുമായി ക്രിസ്തുവിന്റെ സുവിശേഷം പേറിയ ഈ മിഷണറിവര്യൻ ക്രൈസ്തവ സംഗീതത്തിന് 70തിലധികം ഗാനങ്ങൾ നൽകി. 'സമയമാം രഥത്തിൽ...' എന്ന തന്റെ ഗാനം മലയാളി മനസുകളിൽ ചിരപ്രതിഷ്ഠ നേടി. 1914–ൽ തന്റെ രണ്ടു മക്കളുടെ വിദ്യാഭ്യാസത്തിനായി ഇംഗ്ലണ്ടിലേക്ക് പോയ നാഗൽ സായിപ്പിന് പിന്നീട് തന്റെ കർമ്മ ഭൂമിയിലേക്ക് തിരിച്ചു വരാനായില്ല. ഒന്നാം ലോകമഹായുദ്ധത്തെ തുടർന്ന് ജർമ്മനിയിൽപ്പെട്ടു പോയ ഈ സുവിശേഷ പോരാളി 1921–ൽ സമയമാം രഥത്തിൽ സിയോനിലേക്ക് യാത്രയായി.

പിന്നീട് തന്റെ ഭാര്യയും മക്കളും പല സ്ഥലങ്ങളിലേക്ക് പറിച്ചു നടപ്പെട്ടു. കേരളത്തിൽ താൻ ചെയ്ത പ്രവർത്തനങ്ങളുടെ ശേഷിപ്പ് തന്റെ ഓർമകളെ നിലനിർത്തി. തന്റെ പിൻതലമുറയെക്കുറിച്ചുള്ള അറിവും നമുക്ക് നഷ്ടമായി. എന്നാൽ കുന്നംകുളത്തെ നാഗൽ മിഷ്യൻ ഡയറക്ടർ തോമസ് ഡേവിഡിന്റെ ശ്രമഫലമായാണ് ഇംഗ്ലണ്ടിലെ സാലിസ് ബെറിയിൽ താമസിക്കുന്ന പോളിൻ മൺസിനെ കണ്ടെത്തിയത്.

മ്യൂസിക് അദ്ധ്യാപികയായ പോളിൻ മൺസിന്റെ ഭർത്താവ് ബാപ്റ്റിസ്റ്റ് സഭയിലെ സുവിശേഷ പ്രവർത്തകനാണ്. രണ്ട് വർഷമായി ഇന്ത്യയിലേക്ക് വരുവാൻ ശ്രമിച്ചിരുന്ന ഇവരുടെ സന്ദർശനം ചില സാങ്കേതിക കാരണങ്ങളാൽ താമസിക്കുകയായിരുന്നു. അവസാനം ഇന്ത്യയിൽ പോയി സുവിശേഷം പറയുകയില്ല എന്ന് എഴുതികൊടുത്തതിനു ശേഷമാണ് ഇവർക്ക് അനുമതി ലഭിച്ചത്.

മൂന്നാഴ്ച്ച സന്ദർശനത്തിനായ് ഇന്ത്യയിൽവന്ന പോളിനും, മോറിസിനും മാർച്ച് 1ന് കുന്നുകുളത്തു വെച്ച് വിവിധ ക്രൈസ്തവ സംഘടനകളും, സഭകളും ചേർന്ന് സ്വീകരണം നൽകി. 4ന് കുന്നംകുളം സഭയിൽ സമീപ പ്രദേശങ്ങളിലെ ബ്രദ്റൻ സഭകളിലെ വിശ്വാസികളും ചേർന്ന് സ്വീകരിച്ചു. കെ.പി. സാമുവലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വിവിധ സഭകളിൽ നിന്നുള്ള സഹോദരന്മാർ തങ്ങളുടെ പിതാക്കന്മാരിൽ നിന്ന് നാഗൽ സായിപ്പിനെ കുറിച്ച് കേട്ടിട്ടുള്ള അറിവുകൾ പങ്കുവെച്ചു.



*മോറിസ് മൺസും പോളിനും*

കേരളത്തിലെ തെങ്ങുകൾ തന്നെ അമ്പരപ്പിച്ചു വെന്ന് യോഗത്തിൽ സംസാരിച്ച പോളിൻ പറഞ്ഞു. തെങ്ങിനെക്കുറിച്ചും, തേങ്ങയെക്കുറിച്ചും ധാരാളം കേട്ടിട്ടുണ്ട്. പക്ഷെ ഇത്രയും ഒന്നിച്ച് കാണുന്നത് ആദ്യമാണ്. തെങ്ങ് വളരെ ഫലം ചെയ്യുന്ന വൃക്ഷമാണ്. രുചികരമായ ഭക്ഷ്യപദാർത്ഥം മാത്രമല്ല, തെങ്ങിൽ നിന്ന് ഉത്പ്പാദിപ്പിക്കപ്പെടുന്നത്. അതിന്റെ ഓരോ ഘടകവും ഒന്നും കളയാതെ മനുഷ്യന് പ്രയോജനം ചെയ്യുന്നതാണ്. ദൈവത്തിന്റെ സ്വന്തം നാട്ടിലെ നിങ്ങൾ ദൈവത്തിന്റെ സ്വന്തം ജനമാകുവാൻ തെങ്ങിനെപോലെ എല്ലാ ഘടകങ്ങളും പ്രയോജനപ്പെടുത്തണം. ഇന്ത്യയിൽ തലങ്ങും വിലങ്ങും ഓടുന്ന തീവണ്ടികൾ തങ്ങളെ അതിശയിപ്പിച്ചു എന്നും പോളിൻ പറഞ്ഞു. ചൂടൽപ്പം കൂടുതലാണെങ്കിലും ഈ മനോഹരമായ നാടുവിട്ട് അതിശൈത്യമേറിയ ഇംഗ്ലണ്ടിലേക്ക് തന്റെ പിതാവ് കുടിയേറിയത് ഒരു നഷ്ടമായിപോയി എന്നും പോളിൻ കൂട്ടിചേർത്തു.

തന്റെ പിതാമഹന്റെ പ്രവർത്തന മേഖലയായ പറവൂർ, ഇരിങ്ങാലക്കുട, നെല്ലിക്കുന്ന് എന്നിവിടങ്ങളിലും ബാസ്സൽ മിഷണറിയായിരുന്നപ്പോൾ നാഗൽ താമസിച്ചിരുന്ന വാ ളിയങ്കുളത്തെ ബംഗ്ലാവും ഇവർ സന്ദർശിച്ചു. ഇംഗ്ലണ്ടിലും, കാനഡയിലും, അമേരിക്കയിലുമായി ചിതറിപ്പാർക്കുന്ന നാഗലിന്റെ തലമുറകൾ അനുഗ്രഹിക്കപ്പെട്ട നിലയിലാണെന്ന് നാഗലിനെക്കുറിച്ച് ചെറുവിവരണം നൽകിയ തോമ സ് ഡേവിഡ് പറഞ്ഞു.

*— റിന്യൂവൽ റിപ്പോർട്ടർ*

# ചെങ്ങറയിൽ നിന്ന് ചിക്കമംഗലൂരിലേക്ക്...

ചെങ്ങറയിൽ ഒരു തുണ്ട് ഭൂമിക്കു വേണ്ടിയുള്ള അവകാശ സമരം കൊടുമ്പിരി കൊണ്ടിരിക്കുകയാണ്. അവകാശങ്ങൾ നേടിയെടുക്കും വരെ പിന്നോട്ടില്ല എന്ന് ശഠ്യം പിടിക്കുന്ന ജനതയുടെ മധ്യത്തിൽ മറ്റൊരു സമരമുഖത്താണ് 80 വയസ്സ് കഴിഞ്ഞ കരിംകുറ്റിക്കൽ ഫിലിപ്പ് മകൻ ജോർജ്ജ്. ഈ സമരം ഒരു തുണ്ട് ഭൂമിക്കു വേണ്ടിയല്ല, ഒരു പിടി ആത്മാക്കൾക്കു വേണ്ടി. പ്രായത്തിന്റെ പരിധികളെ ഭേദിച്ച് അതിനപ്പുറം ഉറച്ച കാൽവെപ്പോടെ...

ഈ പോരാട്ടം കർണാടകയിലെ ചിക്കമംഗലൂരാണ് ആരംഭിച്ചത്. നീണ്ട 35 വർഷങ്ങൾ.... കരുത്തുറ്റ യൗവ്വനം ചിലവഴിച്ച കർണ്ണാടകയിലെ ഈ കാപ്പിത്തോട്ടത്തിൽ എത്തുന്നതിനു മുമ്പ് 1928-ൽ ചെങ്ങറയിലായിരുന്നു തന്റെ ജനനം. റബർ മരങ്ങൾ നിറഞ്ഞ, ഗ്രാമത്തിന്റെ എല്ലാ സൗന്ദര്യവും നിറഞ്ഞ ചെങ്ങറയ്ക്കപ്പുറം ഒരു സ്ഥലവും തനിക്ക് ഇഷ്ടമല്ലായിരുന്നു. എങ്കിലും അക്കാലത്ത് സ്കൂളില്ലാത്ത ചെങ്ങറയിൽ നിന്ന് പിതാവിന്റെ സ്ഥലമായ മൈലപ്രയിലേക്ക് വിദ്യാഭ്യാസത്തിനായി പോകേണ്ടി വന്നു. 4 വർഷങ്ങൾക്കു ശേഷം ചെങ്ങറയിൽ സ്കൂൾ ആരംഭിച്ചപ്പോൾ തുടർപഠനം സ്വന്തം ഗ്രാമത്തിലേക്ക് മാറ്റി. 7-ാം ക്ലാസിൽ പഠിക്കുമ്പോൾ യേശുകർത്താവിനെ സ്വന്ത രക്ഷകനായി സ്വീകരിച്ചു. ചെങ്ങറയിലെ സഭയും അവിടുത്തെ പ്രവർത്തനവും വളരെ സജീവമായിരുന്ന ആ കാലഘട്ടത്തിൽ സുവിശേഷകൻ ആകണം എന്ന ആഗ്രഹത്തിൽ 1953-ൽ അടൂരിൽ നടന്ന ബൈബിൾ സ്കൂളിൽ ചേർന്ന് പഠനം ആരംഭിച്ചു. കർത്ത്യദാസൻമാരായ കെ.ജി. കുര്യൻ, കെ.ജി. തോമസ് എന്നിവർ കൂടാതെ ചില വിദേശ മിഷണറിമാരും അദ്ധ്യാപകരായിരുന്ന ആ വേദപഠനകാലത്ത് ഒരു എഴുത്ത് കർണാടകയിൽ നിന്ന് വന്നു. അതിന്റെ രത്നചുരുക്കം ഇതായിരുന്നു. 'കർണാടകയിലെ സുവിശേഷ സാധ്യത വളരെയാണ്. ദൈവത്തിന്റെ വേലയ്ക്കായി ആര് വരും.' വീട് വിട്ട് വേലയ്ക്കു പോകുവാൻ പിതാവിന് ഇഷ്ടമില്ല എന്ന് അറിയാമായിരുന്നിട്ടും, ഈ വരികൾക്കു മുമ്പിൽ സ്വർഗ്ഗീയ പിതാവിന്റെ വഴിയിലേക്കു തിരിയുവാൻ താൻ പ്രേരിപ്പിക്കപ്പെട്ടു. തന്റെ തീരുമാനം സ്കൂളിൽ പരസ്യമായി പ്രഖ്യാപിച്ചതിനു ശേഷം മൈസൂരിൽ പ്രവർത്തിച്ചിരുന്ന വി.പി. ജേക്കബ് സാറിന് കത്തെഴുതി. 'എന്റെ ഹൃദയം കർണാടകയിലേക്ക് വരുവാൻ വാഞ്ചിക്കുന്നു.'

ചില ദിവസങ്ങൾക്കു ശേഷം വി.പി. ജേക്കബ് സാറിന്റെ മറുപടി വന്നു. ഉടനെ താൻ നാട്ടിൽ വരുന്നുണ്ടെന്നും, തിരികെ പോരുമ്പോൾ ഒരുമിച്ച് പോരാമെന്നായിരുന്നു ചുരുക്കം.

മകന്റെ ഈ തീരുമാനത്തിന് എതിരു നിൽക്കാൻ പിതാവിനും കഴിഞ്ഞില്ല. വി.പി. ജേക്കബ് സാറിനോട് ചേർന്ന് 1954-ൽ മൈസൂരിലേക്ക് പോയി. സർക്കാർ ജോലിക്കാരനായിരുന്ന സഹോദരൻ ഡി. ജേക്കബും തന്നോടൊപ്പം ഈ യാത്രയിലുണ്ടായിരുന്നു. ചില മാസങ്ങൾ ഭാഷാ പഠനത്തിനായി മൈസൂരിൽ ചിലവഴിച്ചു. അന്ന് നടന്ന ഒരു സുവിശേഷ ക്യാമ്പയിനിൽ വെച്ചാണ് ചിക്കമംഗലൂരിനെക്കുറിച്ച് അറിയുന്നത്. ആ സമയത്ത് അവിടെയുള്ള ചില സഹോദരന്മാരെ പരിചയപ്പെടുവാനിടയായി. അതിനു മുമ്പ് 1949-ൽ ആനിക്കാട് പേക്കുഴിയിൽ വരിക്കമാക്കൽ ഡാനിയേലിന്റെ മകൾ ചിന്നമ്മയെ ജീവിത സഖിയായി ദൈവം നൽകിയിരുന്നു. ചിക്കമംഗലൂരാണ് തന്റെ കർമ്മ ഭൂമിയെന്ന് തിരിച്ചറിഞ്ഞപ്പോൾ ഒരു വാടക വീട് തരപ്പെടുത്തി. ഭാര്യയെയും മൂന്നരയും, ഒന്നരയും വയസു പ്രായമുള്ള മക്കളെയും കൂട്ടി താമസം അങ്ങോട്ടു മാറ്റി. 35 വർഷങ്ങൾ നീണ്ട ഈ പോരാട്ട ഭൂമിയിലെ ജീവിതത്തിൽ കടുത്ത കഷ്ടതകൾ, എതിർപ്പുകൾ, സുവിശേഷത്തെ പ്രതിയുള്ള മർദ്ദനം, ദൈവത്തിന്റെ സമാധാനം, രണ്ടാമത്തെ മകന്റെ മരണം, സഭയുടെ ഉത്ഭവം, വളർച്ച... തുടങ്ങിയ സമ്മിശ്രാനുഭവങ്ങളിലൂടെ കടന്നുപോയി. ഏതവസ്ഥയിലും ദൈവത്തിന്റെ മുഖമന്വേഷിച്ച് ദൈവപാതയിൽ നടന്ന് സാക്ഷ്യജീവിതം നയിക്കുവാൻ കഴിഞ്ഞതിന്റെ നേർ രേഖകൾ നിരവധിയാണ്. അതിലൊന്ന് നീണ്ട 35 വർഷങ്ങൾ ഒരു ഹൈന്ദവന്റെ വീട്ടിൽ വാടകയ്ക്ക് താമസിക്കുവാൻ കഴിഞ്ഞു എന്നുള്ളതാണ്. സുവിശേഷ വിരോധികളുടെ എതിർപ്പു ശക്തമായപ്പോൾ വീട്ടുടമയോട് തന്നെയും കുടുംബത്തെയും ഇറക്കി വിടുവാൻ വലിയ സമ്മർദ്ദമുണ്ടായതാണ്. എന്നാൽ തന്റെ സാക്ഷ്യത്തിന്റെയും, വിശ്വാസ്തതയുടെയും മുന്നിൽ ആ വീട്ടുടുമസ്ഥൻ നിസഹായനായിരുന്നു. എതിരാളികൾക്ക് തങ്ങളുടെ ആവശ്യത്തിൽ നിന്ന് പിന്തിരിയേണ്ടി വന്നു.

കാപ്പിയുടെ കലവറയായ ചിക്കമഗംലൂർ മാത്രമായിരുന്നില്ല തന്റെ പ്രവർത്തന മേഖല. തൊട്ടടുത്ത ജില്ലയായ ഹാസനിലും സഭയുടെ തുടക്കക്കാരനാകാൻ തനിക്കു കഴിഞ്ഞു. ഇപ്പോൾ കർതൃസന്നിധിയിൽ വിശ്രമിക്കുന്ന സഹോ. വസന്ത് കുമാർ അടക്കമുള്ള ആദ്യകാല വിശ്വാസികളെ വചനത്തിൽ ഉറപ്പിച്ച് സഭാ ബന്ധത്തിലേക്ക് കൊണ്ടു വന്നത് തന്റെ പരിശ്രമ ഫലമായാണ്. അന്ന് ഹാസനിലെ നാമധേയ ക്രിസ്ത്യാനികളുടെ എതിർപ്പുകൾ മൂലം പലതവണ പോലീസ് സ്റ്റേഷനിൽ കയറേണ്ടി വന്നെങ്കിലും ഒരു മുതിർന്ന പോലീസ് ഉദ്യോഗസ്ഥൻ തനിക്ക് തുണയായി നിന്നത് ദൈവത്തിന്റെ വഴിയല്ലാതെ മറ്റൊന്നുമല്ലെന്ന് സഹോ. കെ.പി. ജോർജ്ജ് വിശ്വസിക്കുന്നു.

1990-ൽ കർമ്മ ഭൂമിയോട് വിടപറഞ്ഞു. ജന്മനാട്ടിൽ ജീവിത സായാഹ്നം ചിലവഴിക്കുക, വാർദ്ധക്യരോഗം... ഇതൊക്കെയായിരുന്നു കാരണങ്ങൾ. എന്നാൽ തിരിഞ്ഞു നോക്കുമ്പോൾ അഭിമാനിക്കാൻ വകയുണ്ട്. തീയിൽ കുരുത്ത സഭ, വിശ്വാസികൾ... പ്രാപ്തരായ വിശ്വാസികളെ സഭയെ ഏൽപ്പിച്ച് മൈലപ്രയിൽ മൂത്തമകൻ പണികഴിപ്പിച്ച ഭവനത്തിലേക്ക് കടന്നു വരുമ്പോൾ വ്യക്തമായ ഒരു ലക്ഷ്യവും കൂടെയുണ്ടായിരുന്നു. ജന്മനാട്ടിലെ സഭ.

തന്റെ നാട്ടിലേക്കുള്ള വരവ് ചെങ്ങറയിലെ സഭാ വിശ്വാസികൾക്ക് ഒരു പുത്തൻ ഉണർവ്വാണ് സമ്മാനിച്ചത്. പ്രായമേറിയെങ്കിലും ആശ്വാസമായി, സാന്ത്വനമായി വിശ്വാസികളുടെ മധ്യത്തിൽ പ്രത്യേകിച്ച് യുവജനങ്ങൾക്ക് ഒരു മാതൃകയായി തന്റെ വേല തുടരുകയാണ് ഈ യേശുവിന്റെ പടയാളി. തന്നെ കുറിച്ച് ഒരു യുവസഹോദരൻ വിലയിരുത്തുന്നതിങ്ങനെയാണ്. "ജീവിതം കൊണ്ട് മാതൃക കാണിച്ച വ്യക്തിയാണ് കെ. പി. ജോർജ്ജ് അപ്പച്ചൻ. എന്റെ ആത്മീയ ഗുരുവാണ് ഈ പിതാവ്."



വാർദ്ധക്യ പ്രയാസങ്ങൾ ഏറെയാണെങ്കിലും ഭാര്യ ചിന്നമ്മയുമൊത്ത് എല്ലാ വെള്ളിയാഴ്ചയും മൈലപ്രയിൽ നിന്നും കാറോടിച്ച് ചെങ്ങറയിൽ പോകും. ഞായറാഴ്ച വൈകുന്നേരത്തെ ബൈബിൾ ക്ലാസ്സും കഴിഞ്ഞേ തിരിച്ചു വരികയുള്ളൂ. ശരീരം സമ്മതിക്കുന്നില്ലെയെങ്കിലും ആത്മാവിന്റെ അടങ്ങാത്ത ആഗ്രഹം തന്നെ കൊണ്ട് വേല ചെയ്യിക്കുകയാണ്. കഴിഞ്ഞ വർഷം വ്യാപകമായി പടർന്നു പിടിച്ച 'ചിക്കൻഗുനിയ' പകർച്ചവ്യാധിക്ക് രണ്ടുപേരും ഇരയായി. അതിന്റെ ശാരീരിക പ്രശ്നങ്ങൾ ഇപ്പോഴും മാറിയിട്ടില്ലെങ്കിലും ചെങ്ങറയിലെ പോരാട്ട ഭൂമിയെക്കുറിച്ചാണ് തന്റെ ചിന്ത. ഒരു തുണ്ടു ഭൂമിയല്ല, സ്വർഗ്ഗരാജ്യത്തിലേക്കുള്ള നിക്ഷേപത്തെക്കുറിച്ച്.

മക്കൾ-നെൽസൻ, (ഭാര്യ-ബ്ലസി) ലിസി-(ഭർത്താവ് ജോർജ്ജ് മാത്യു) നാല് കൊച്ചു മക്കൾ.

## രാജ്യത്തിനു വേണ്ടി പ്രാർത്ഥിക്കുക

നമ്മുടെ കർത്താവ് സകലത്തെയും നിയന്ത്രിക്കുന്നു, രാജാക്കന്മാരെ നീക്കുകയും നിയമിക്കുകയും ചെയ്യുന്നത് കർത്താവാണല്ലോ. അതുകൊണ്ടുതന്നെയാണ് അവർക്കായി പ്രാർത്ഥിക്കുവാൻ ദൈവവചനം നമ്മോടാവശ്യപ്പെടുന്നത് (1. തിമോ. 2:1-4). ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ പ്രക്രിയയും അത്ഭുതങ്ങളിലൊന്നുമാണ് ഭാരത തെരഞ്ഞെടുപ്പ്. ഏപ്രിൽ 16 മുതൽ പാർലമെന്റ് തെരഞ്ഞെടുപ്പും ഒറീസ്സ, ആന്ധ്രാ, സിക്കിം നിയമസഭാ തെരഞ്ഞെടുപ്പുകളും നടക്കുന്നതിനാൽ ദൈവജനത്തിന്റെ ശ്രദ്ധയേറിയ പ്രാർത്ഥന അടിയന്തിരാവശ്യമാണ്. സ്വതന്ത്രവും നീതിപൂർവ്വവുമായ തെരെഞ്ഞെടുപ്പിനു നേതൃത്വം നൽകുവാൻ ചീഫ് ഇലക്ഷൻ കമ്മീഷണർ എൻ. ഗോപാലസ്വാമി, കമ്മീഷണർമാരായ നവീൻ ചൗള, വൈ.എസ്. ഖുറേഷി തുടങ്ങിയവർക്ക് നമ്മുടെ പ്രാർത്ഥന നിശ്ചയമായും സഹായിക്കും. വടക്കേ ഇന്ത്യയിൽ മാത്രമല്ല കേരളത്തിലുൾപ്പടെ തെക്കേ ഇന്ത്യയിലും സുവിശേഷ വിരോധികളുടെ എതിർപ്പ് ശക്തമാണ്. ഒറീസ്സയും കർണ്ണാടകയും നമുക്ക് മറക്കാൻ കഴിയില്ല. ഗവർമെന്റിന്റെ ഭാഗത്തു നിന്നും കൂടി എതിർപ്പുണ്ടാകുമ്പോൾ ദൈവജനത്തിന് വളരെയേറെ ബുദ്ധിമുട്ടുണ്ടാവും. നമ്മെ സംബന്ധിച്ചിടത്തോളം ഒരു രാഷ്ട്രീയ പാർട്ടിയെയും ആശ്രയിക്കേണ്ട കാര്യമില്ല. താൽക്കാലിക ലാഭത്തിനു വേണ്ടി നല്ല വാക്കു പറഞ്ഞാലും സമയം വരുമ്പോൾ അവർ കൂടെ നിൽക്കില്ല. രാജ്യത്തെ ഉത്തമ പൗരന്മാർ എന്ന സാക്ഷ്യം ലഭിക്കാൻ നമ്മുടെ വോട്ടവകാശം നാം വിനിയോഗിക്കണം. വോട്ടർ പട്ടികയിൽ പേരുണ്ടെന്ന് ഉറപ്പു വരുത്തണം. ഓരോ വോട്ടും നിർണ്ണായകമാണ്. പ്രാർത്ഥനാപൂർവ്വം അത് വിനിയോഗിക്കണം.

ഒരു രാഷ്ട്രീയ പാർട്ടിയിലും അംഗമാകുന്നതും പ്രവർത്തകനാകുന്നതും വിശ്വാസിക്ക് ചേർന്നതല്ല. സഭകളെ പ്രതിനിധീകരിച്ച് രാഷ്ട്രീയ പാർട്ടികൾക്ക് അനുകൂലമായോ പ്രതികൂലമായോ പ്രസ്താവനകൾ കൊടുക്കാൻ നമ്മുടെ മദ്ധ്യത്തിൽ ആർക്കും അധികാരമില്ല. എല്ലാ രാഷ്ട്രീയ പാർട്ടികളോടും സമദൂരം പാലിക്കണം. ദൈവത്തിനും തന്റെ ജനത്തിനും എതിരായി നിൽക്കുന്ന പാർട്ടികൾക്കോ വ്യക്തികൾക്കോ വോട്ടു ചെയ്യാതിരിക്കാനുള്ള സാമാന്യബുദ്ധി വിശ്വാസികൾക്കുണ്ട്. എല്ലാ രാഷ്ട്രീയക്കാരെയും നാം ബഹുമാനിക്കണം. അവർ രക്ഷിക്കപ്പെടാത്തവർ ആയതുകൊണ്ട് സൗഹൃദപൂർവ്വം അവരോടിടപ്പെടുകയും അവർക്കായി പ്രാർത്ഥിക്കയും വേണം.

ഈ ദിവസങ്ങളിൽ വ്യക്തിപരമായും, ഗ്രൂപ്പുകളായും, സഭയായും രാജ്യത്തിനുവേണ്ടി പ്രാർത്ഥിക്കാൻ സമയം എടുക്കണം. നാം ഒരുമിച്ച് പ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗത്തിലെ ദൈവത്തിന്റെ കരം ചലിക്കും. ഇന്ത്യ കർത്താവിന്റെ വകയാകാൻ ഇടയാകട്ടെ.

– എഡിറ്റർ ഇൻ ചാർജ്ജ്.

ചിൽഡ്രൻസ്



## മഴയുടെ 'ഗുട്ടൻസ്'

*'ഹോ എന്തൊരു ചൂട്!' വിയർപ്പു തുടച്ചുകൊണ്ട് ജെയിംസങ്കിൾ അകത്തേക്ക് കയറിവന്നു. "ഈ വർഷം ചൂടൽപ്പം കൂടുതലാ" അനു പറഞ്ഞു. "പരീക്ഷാ ചൂടു കഴിഞ്ഞപ്പോൾ അൽപ്പം ആശ്വാസം കിട്ടിയതാ. ഇപ്പോ അന്തരീക്ഷ ചൂട്" ടിനു കൈയിലിരുന്ന പേപ്പർ വീശികൊണ്ട് പറഞ്ഞു.*

*"ഇനി മഴ വരണം. എങ്കിലേ അന്തരീക്ഷം തണുക്കുകയുള്ളൂ." ജെയിംസങ്കിൾ ടിനുവിന്റെ കവിളിൽ നുള്ളികൊണ്ടു പറഞ്ഞു. "ശരിയാ മഴ വരണം. എങ്കിലെ തണുപ്പ് ഉണ്ടാക്കുകയുള്ളൂ" അനു അതു പറയുമ്പോൾ ടിനുവിന്റെ ചോദ്യം. "മഴ ഒരത്ഭുതം തന്നെയാണ് അല്ലെ" ജെയിംസങ്കിൾ പറഞ്ഞു. "കഴിഞ്ഞ നൂറ്റാണ്ടു വരെ മഴയെക്കുറിച്ച് മനുഷ്യന് ഒരറിവും ഉണ്ടായിരുന്നില്ല. അനേക വിധത്തിലുള്ള കഥകളും, ഐതിഹ്യങ്ങളുമായിരുന്നു മഴയെക്കുറിച്ചുണ്ടായിരുന്നത്." "യാഥാർത്ഥ്യത്തിൽ എങ്ങനെയാണ് മഴയുണ്ടാകുന്നത്?" അനുവിന്റെ ന്യായമായ ചോദ്യം.*

*"ഭൂമിയിൽ നിന്ന് ജലം ആവിയായി പൊങ്ങി അത് മേഘങ്ങളായി പരിണമിക്കുന്നു." 'എങ്ങനെയാണ് ജലം ആവിയാകുന്നത്? ടിനു ചോദിച്ചു. "സൂര്യന്റെ ചൂടിനാലാണ് ജലം ആവിയാകുന്നത്. കലത്തിൽ വെള്ളം ചൂടാകുമ്പോൾ ആവി മുകളിലേക്ക് ഉയരുന്നത് നിങ്ങൾ കണ്ടിട്ടില്ലേ" ജെയിംസങ്കിളിന്റെ ചോദ്യത്തിന് രണ്ടുപേരും ഒന്നിച്ച് ഉത്തരം പറഞ്ഞു. "ഉവ്വ്!" "എന്നിട്ട് എങ്ങനെയാണ് ഈ മേഘങ്ങൾ വെള്ളമായി താഴോട്ടു പതിക്കുന്നത്?" ടിനുവിന്റെ ചോദ്യം നീളുകയാണ്. മേഘമായി പരിണമിച്ച ആവി തണുത്ത് മഴയായി ഭൂമിയിൽ പതിക്കുന്നു. അതിനെയാണ് നാം മഴയെന്നു വിളിക്കുന്നത്. ജെയിംസങ്കിൾ ഇതു പറഞ്ഞപ്പോൾ അത്ഭുതത്തോടെ അനു പറഞ്ഞു. "ഹോ! ഈ ശാസ്ത്രജൻമാരെ സമ്മതിക്കണം. ഈ മഹത്തായ സത്യം കണ്ടെത്തിയ ഇവർ തീർച്ചയായും ബഹുമാനം അർഹിക്കുന്നു."*

*"ആ! ഇനി മറ്റൊരു കാര്യം മനുഷ്യൻ മഴയെ കുറിച്ച് കണ്ടെത്തുന്നതിന് നൂറ്റാണ്ടുകൾക്കു മുമ്പ് ബൈബിൾ മഴയെ കുറിച്ച് രേഖപ്പെടുത്തിയിരുന്നു." ജെയിംസങ്കിൾ പറഞ്ഞു.*

*'ങേ! അതെവിടെ?' ടിനു അത്ഭുതത്തോടെ ചോദിച്ചു ജെയിംസങ്കിൾ. "ഇയ്യോബിന്റെ പുസ്തകം 36 : 27, 28 വാക്യങ്ങളിൽ നാം ഇങ്ങനെ വായിക്കുന്നു., അവൻ നീർത്തുള്ളികളെ ആകർഷിക്കുന്നു. അവന്റെ ആവിയാൽ അവ മഴയായി പെയ്യുന്നു. മേഘങ്ങൾ അവയെ ചൊരിയുന്നു. മനുഷ്യരുടെ മേൽ ധാരാളമായി പൊഴിയുന്നു...."*

*ടിനുവും അനുവും അത്ഭുതത്തോടെ ഇരിക്കുമ്പോൾ ജെയിംസങ്കിൾ തുടർന്നു.*

*"ജലചക്രത്തിന്റെ വിശദാംശങ്ങൾ ഇത്ര കൃത്യമായി രേഖപ്പെടുത്തിയിരിക്കുന്നത് കണ്ട് അത്ഭുതപ്പെടുന്നല്ലേ? ഏതോ ശാസ്ത്രജ്ഞൻ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ കണ്ടെത്തിയിട്ട് കുറിച്ചിട്ട വരികൾ പോലെ!! ബൈബിൾ രചനയ്ക്ക് പിന്നിൽ സൃഷ്ടിതാവിന്റെ കരങ്ങൾ ആയതുകൊണ്ട് ഇതിൽ അത്ഭുതപ്പെടുവാനില്ല, കാരണം സൃഷ്ടിയുടെ പ്രവർത്തനവിധം സൃഷ്ടിതാവിന് അറിയാമല്ലോ! മനുഷ്യൻ അത് കണ്ടെത്താൻ നൂറ് കണക്കിന് വർഷങ്ങൾ എടുത്തു എന്നു മാത്രം."*

*ജെയിംസങ്കിൾ ഇത്രയും പറഞ്ഞു നിർത്തിയപ്പോൾ പതുക്കെ തണുത്ത കാറ്റു വീശുവാൻ തുടങ്ങി. ടിനുവും, അനുവും പുറത്തേക്ക് ഇറങ്ങി നോക്കിയപ്പോൾ പടിഞ്ഞാറ്, മാനത്ത് കാർമേഘങ്ങൾ ഉരുണ്ടു കൂടുന്നു. പുറത്തേക്കിറങ്ങിവന്ന ജെയിംസങ്കിൾ പറഞ്ഞു. 'വേനൽമഴയുടെ വരവാണ് ഇന്ന് ചൂടൽപ്പം കുറയും. ഇതു കേട്ടപ്പോൾ കുട്ടികൾ രണ്ടുപേരും തുള്ളിച്ചാടി കൊണ്ടു പറഞ്ഞു. മഴ... മഴ.... കുട... കുട... "*



**മനഃപാഠവാക്യം**

***സങ്കീർത്തനങ്ങൾ 66 : 2.***

*അവന്റെ നാമത്തിന്റെ മഹത്വം കീർത്തിപ്പിൻ, അവന്റെ സ്തുതി മഹത്വീകരിപ്പിൻ. നിന്റെ പ്രവൃത്തികൾ എത്ര ഭയങ്കരം.*

***സങ്കീർത്തനങ്ങൾ 66 : 2.***

*(ഔവർ വിഷന്റെ സൃഷ്ടി രഹസ്യങ്ങൾ എന്ന പുസ്തകത്തോട് കടപ്പാട്).*


വാർത്തകൾ അയക്കേണ്ട വിലാസം: Renewal, P.B.No. 2665, Broadway, Ernakulam - 31.
അല്ലെങ്കിൽ Thomas John, Hebron, Doctors Garden, Medical College P.O., Thiruvananthapuram, 695 011.
Tel : 94473 41237 E-mail : thomasjohntvm@gmail.com, renewalvartha@gmail.com

റിന്യൂവൽ വിശ്വാസത്തിന്റെ ഒരു കാൽവെയ്പ്പാണ്. ദൈവം മനസ്സുണർത്തുന്നവർ സാമ്പത്തീക സഹകരണം താഴെ കാണുന്ന വിലാസത്തിൽ അയക്കുക.

ചെക്കുകളും ഡ്രാഫ്റ്റുകളും – Renewal, P.B.No. 2665, Broadway, Ernakulam - 31. എന്ന വിലാസത്തിലും. മണി ഓർഡറുകൾ – Shombay Poothuran, Renewal, Broadway P.O., Ernakulam - 682 031. എന്ന വിലാസത്തിൽ മാത്രവും അയക്കുക. Bank A/c. No. 21, North Malabar Gramin Bank, Main Branch, EKM. Ph : 0484-2365391

**ഒരു വർഷം ഇന്ത്യയിൽ ഈ മാസിക നിങ്ങളുടെ കൈയ്യിൽ എത്തിക്കുന്നതിന് കുറഞ്ഞത് 50 രൂപ. ചിലവ് പ്രതീക്ഷിക്കുന്നു. വിദേശത്തേക്ക് 500 രൂപ. സാമ്പത്തിക സഹകരണം എറണാകുളം അഡ്രസ്സിൽ മാത്രം അയയ്ക്കുക.**



**റിന്യൂവൽ ടീം:**
തോമസ് ജോൺ (തിരുവനന്തപുരം), വർഗ്ഗീസ് ചാക്കോ (ബാംഗ്ലൂർ),
ജോൺ കുര്യൻ (കോട്ടയം), കെ. തോമസ് മാത്യു (തിരുവല്ല),
ജെയിംസ് വർഗ്ഗീസ് (തിരുവനന്തപുരം), ബാബു ജോൺ (നെയ്‌വേലി).
എഡിറ്റർ ഇൻ ചാർജ് – കെ. തോമസ് മാത്യു,
കൺസൽട്ടന്റ് എഡിറ്റർ – വർഗ്ഗീസ് ചാക്കോ,
ന്യൂസ് എഡിറ്റർ – തോമസ് ജോൺ,
ഫിനാൻസ് എക്സിക്യൂട്ടീവ് – ഷോംബെ പുത്തൂരാൻ
പ്രൊമോഷണൽ കോ-ഓർഡിനേറ്റർ – റെജി മാത്യു
പബ്ലിഷർ – ടെൻസൻ ജോസഫ്.



കുടുംബ വേദി

# കുടുംബത്തിൽ അഭിപ്രായഭിന്നതകൾ ഉണ്ടാകുമ്പോൾ

**കു**ടുംബത്തിൽ അഭിപ്രായ ഭിന്നത ഉണ്ടാകുന്നത് സ്വാഭാവിക മാണ്. കാരണം ഓരോ വ്യക്തി കളും വ്യത്യസ്തരാണ്. ഭിന്നമായ അഭിപ്രായങ്ങൾ ഉണ്ടാകുന്നത് വ്യക്തികൾ ചിന്തിക്കുന്നു എന്നു ള്ളതിന്റെ അടയാളവുമാണ്. അഭി പ്രായ വ്യത്യാസങ്ങളെ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നുള്ള തിന്റെ അടിസ്ഥാനത്തിലാണ് അത് വളർച്ചയ്ക്കാണോ, തളർച്ച യ്ക്കാണോ ഉതകുന്നത് എന്ന് തീരുമാനിക്കപ്പെടുന്നത്. ചെറിയ അഭിപ്രായഭിന്നതകൾ വളർന്ന് അത് സംഘർഷത്തിലേക്കും പിന്നീട് വിവാഹമോചനത്തിൽ വരെ ചെന്നെത്തുന്നതായും നാം കണ്ടു വരുന്നു. എന്നാൽ അഭിപ്രാ യഭിന്നതകൾ പരിഹരിക്കുന്ന തിന്റെ ഫലമായി അന്യോന്യം കൂടുതൽ മനസ്സിലാക്കുവാനും, അടുപ്പം വർദ്ധിപ്പിക്കുവാനും, ആത്യന്തികമായി നല്ല തീരുമാന ങ്ങൾ എടുക്കുവാൻ സഹായിക്കു ന്നതായും നമുക്ക് കാണാം.

ചില വ്യക്തികൾ പ്രശ്നം പരിഹ രിക്കുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗം മൗനം പാലിക്കുകയെന്നാ ണ്. പെട്ടെന്ന് പ്രതികരിക്കാതിരി ക്കുന്നത് ആ വിഷയത്തെപ്പറ്റി കൂടുതൽ ചിന്തിക്കുവാൻ നമ്മെ സഹായിക്കും. എന്നാൽ ആ വിഷ യം ചർച്ച ചെയ്യാതിരിക്കുന്നത് മന സ്സിനെ ദോഷകരമായി ബാധിക്കു കയും, ബന്ധങ്ങൾക്ക് അകൽച്ച സംഭവിക്കുകയും ചെയ്യും. മറ്റു ചിലർ പെട്ടെന്ന് പ്രതികരിക്കുന്ന വരായിരിക്കും. ശക്തമായി വാദി ക്കുകയും ആക്രമിക്കുകയും ചെയ്യുന്നതിന്റെ ഫലമായി ബന്ധ ങ്ങൾ ശിഥിലപ്പെടുന്നതായി കാണുന്നു. വികാരത്തിന് നാം അടിമപ്പെടുമ്പോൾ നമുക്ക് ചിന്തി ക്കുന്നതിനുള്ള ശക്തി കുറവായി രിക്കും. അതുകൊണ്ട് ശരിയായ രീതിയിൽ കാര്യങ്ങളെ വിലയിരു ത്തുവാനോ, പ്രശ്ന പരിഹാരത്തി ലേക്ക് നീങ്ങുവാനോ നമുക്ക് കഴി യുകയില്ല. അപ്പോസ്തലനായ പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്ന തത്വം 'സ്നേഹത്തിൽ സത്യം സംസാരിക്കുക' എന്നതാണ്. ഈ തത്വത്തിൽ ഉറച്ചു നില്ക്കുമ്പോൾ നാം സംയമനത്തോടെയും സമചി ത്തതയോടെയും പ്രതികരി ക്കേണ്ട ആവശ്യമുണ്ട്.

അഭിപ്രായ ഭിന്നതകൾ വരുമ്പോ ൾ തുറന്ന മനസ്സോടെ സംസാരി ക്കുവാൻ തയ്യാറാകണം. മാത്രമല്ല അതിന് പറ്റിയ സമയവും, സന്ദർ ഭവും നാം കണ്ടെത്തുകയും വേ ണം. പരസ്പരം പഴിചാരുകയോ, കുറ്റപ്പെടുത്തുകയോ ചെയ്യാതെ, കാര്യങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്തുകയും പരിഹാരം കണ്ടെത്തുകയും വേണം. ഇവിടെ എനിക്ക് വിജയിച്ചേ തീരൂ. മറ്റേ വ്യക്തിയെ പരാജയപ്പെടുത്തണം എന്നിങ്ങനെ സ്വാർത്ഥപരമായ ചിന്തകൾ ഒഴിവാക്കി അന്യോന്യം മനസ്സിലാക്കുവാൻ ശ്രമിക്കണം. എന്തുകൊണ്ട് എന്റെ പങ്കാളി ഇങ്ങനെ ചിന്തിക്കുന്നു എന്ന് മന സ്സിലാക്കുക. ഇങ്ങനെ വരുമ്പോൾ രണ്ടുപേരും വളർച്ചയുടെ പാത യിൽ ആയിരിക്കും സഞ്ചരിക്കുക. പരിഹാരം കണ്ടെത്തി കഴിയു മ്പോൾ ബന്ധങ്ങൾ കൂടുതൽ ഊഷ്മളമാക്കുകയും പരസ്പര മുള്ള അടുപ്പം വർദ്ധിക്കുകയും ചെയ്യുന്നു.

വാസ്തവത്തിൽ അഭിപ്രായ വ്യ ത്യാസങ്ങൾ പരിഹരിച്ച് മുന്നോട്ടു പോകുന്നത് കുടുംബത്തിന്റെ മൊത്തമായ വളർച്ചയ്ക്ക് സഹാ യകരമായിത്തീരും. അതുകൊണ്ട് നമ്മുടെ പ്രാർത്ഥന 'ദൈവമേ യാതൊരു പ്രശ്നങ്ങളും ഞങ്ങൾ ക്ക് ഉണ്ടാകരുതേ' എന്നല്ല മറിച്ച് ദൈവമേ പ്രശ്നങ്ങളെ നല്ല രീതി യിൽ പരിഹരിക്കുവാനുള്ള ദൈവ കൃപ ഞങ്ങൾക്ക് നല്കണമേ എന്നായിരിക്കട്ടെ. ജീവിതത്തിൽ നാം നേരിടുന്ന ചെറിയ ചെറിയ പ്രശ്നങ്ങൾ നമ്മെ പ്രതിസന്ധി കളെയും പ്രശ്നങ്ങളെയും നേരി ടുവാൻ കൂടുതൽ പ്രാപ്തരാക്കു കയും മാത്രമല്ല വിശ്വാസ ജീവി തത്തിൽ കൂടുതൽ കരുത്തുള്ളവ രായി മുന്നേറുവാൻ സഹായിക്കു കയും ചെയ്യും.

രണ്ടുപേരും ചർച്ച ചെയ്തിട്ട് ഒരു പരിഹാരം കണ്ടെത്തുവാൻ കഴി യുന്നില്ലെങ്കിൽ ആത്മീകരും, പക്വ തയുമുള്ള വിശ്വാസികളുമായ മറ്റുള്ളവരുടെ സഹായം നേടേണ്ട താണ്.

*— സ്റ്റാൻലി ജോൺസ്*

# നമുക്ക് ദേശത്തിനുവേണ്ടി...

*1-ാം പേജിൽ നിന്ന് തുടർച്ച*

പൂർണ്ണമായി മനസ്സിലാക്കുവാൻ നമുക്ക് കഴിഞ്ഞെന്നു വരികയില്ല. എന്നാൽ ഇതാണ് ദൈവം ഉദ്ദേശി ച്ചിരിക്കുന്നത് എന്നതിന് അല്പം പോലും സംശയമില്ലാതവണ്ണം തന്റെ വചനത്തിൽ അവൻ വെളി പ്പെടുത്തിത്തന്നിരിക്കയാണ്. അത നുസരിക്കുവാൻ നാം കടപ്പെട്ടവ രുമാണ് എന്ന കാര്യം ഒരിക്കലും വിസ്മരിക്കുവാൻ പാടുള്ളതല്ല.

യഹോവ ഇന്ന് മറഞ്ഞിരിക്കുന്ന ദൈവമാണ് (യെശ. 45:15). തന്നെ കാത്തിരിക്കുന്നവർക്കായി പ്രവർ ത്തിക്കുന്ന ഈ ദൈവത്തെപ്പോ ലെ ഒരു ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല (യെശ. 64:4). ത ന്നിൽ ഏകാഗ്രചിത്തരായവർക്കു വേണ്ടി താൻ ബലവാനെന്നത് താൻ കാണിക്കുക തന്നെ ചെയ്യും (2 ദിന. 16:9).

യേശുകർത്താവിനെ ഒരാൾ സ്വീ കരിച്ചു കഴിയുമ്പോൾ തന്നെ ദൈ വകൃപ അവനിൽ വ്യാപരിക്കു വാൻ തുടങ്ങുന്നു. മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കുവാൻ ഇങ്ങ നെയുള്ളവർക്കു, പ്രേരണ ഉണ്ടാ കുന്നു. നമ്മിൽ വ്യാപരിക്കുന്ന ദൈവകൃപ മറ്റുള്ളവരിലും വ്യാപ രിക്കണമെന്ന് ദൈവം ആഗ്രഹി ക്കുകയാണ്. പ്രാർത്ഥനയ്ക്കായി നാം സമയം കണ്ടെത്താതിരു ന്നാൽ നമ്മിൽ വ്യാപരിക്കുന്ന ഈ ദൈവകൃപയെ നാം തടഞ്ഞു വയ്ക്കുകയാണെന്ന കാര്യം മറക്ക രുത്. മറ്റേതെങ്കിലും ഒരാളിൽ കൂടെയാണല്ലോ ഈ ദൈവകൃപ നമ്മിലേക്കു പാഞ്ഞത്! നാം ആർക്കു വേണ്ടി പ്രാർത്ഥിക്കുന്നു വോ, ആ വ്യക്തിയിലേക്ക് ദൈവ ശക്തി പായുകയാണ് ചെയ്യുന്നത്. പ്രാർത്ഥിക്കാതിരുന്നാൽ ഈ ദൈവശക്തിയെ നാം തടഞ്ഞു വയ്ക്കുകയാണ്. അതിനേക്കാൾ വലിയ പാപം ഉണ്ടോയെന്ന് ചിന്തി ക്കുക (1 ശമു. 12:23).

നമ്മുടെ ദേശത്തിനു വേണ്ടി പ്രാർ ത്ഥിക്കുവാൻ വ്യക്തമായ കല്പന ദൈവം നമുക്കു തന്നിട്ടുണ്ട്. അവ യിൽ ചിലതിലേക്ക് നമ്മുടെ ശ്രദ്ധ ഇപ്പോൾ തിരിക്കാം. നമ്മെ ദൈ വം ആക്കിയിരിക്കുന്ന പട്ടണ(ദേ ശ)ത്തിന്റെ നന്മയ്ക്കായി പ്രാർ ത്ഥിക്കുവാൻ കല്പനയുണ്ട്. ദേശ ത്തിനു നന്മയുണ്ടെങ്കിലേ നമു ക്കും നന്മ ഉണ്ടാകയുള്ളൂ എന്ന് നാം വായിക്കുന്നു (യെര. 29:7). ന മ്മുടെ ദേശത്തിന്റെ നന്മയ്ക്കായി നമുക്കു പ്രാർത്ഥിക്കാം. പ്രത്യേകി ച്ച് ഈ കാലങ്ങളിൽ ലോകരാഷ്ട്ര ങ്ങളുടെ സാമ്പത്തിക വ്യവസ്ഥി തി അവയെ പിടിച്ചു കുലുക്കി ക്കൊണ്ടിരിക്കുന്നത് നമുക്കേവർ ക്കും അറിയാമല്ലോ. അതുകൊണ്ട് പ്രത്യേകിച്ച് ഇപ്പോൾ നമ്മുടെ ദേ ശത്തിന്റെ നന്മക്കായി പ്രാർത്ഥി ക്കേണ്ടത് വളരെ അത്യാവശ്യമാ ണ്.

വീണ്ടും ശ്രദ്ധിക്കാം. വിശേഷാൽ രാജാക്കന്മാർക്കും സകല അധി കാരികൾക്കും വേണ്ടി യാചനയും പ്രാർത്ഥനയും പക്ഷവാദവും സ് തോത്രവും ചെയ്യണമെന്ന് അപ്പോ സ്തലൻ ഓർമിപ്പിക്കുന്നു. സകല ത്തിനും മുമ്പേ ചെയ്യേണ്ട കാര്യ മായിട്ടാണ് അത് അപ്പസ്തോലൻ പറയുന്നത്. (1. തിമോ. 2:2). ഇങ്ങ നെ ചെയ്യേണ്ടതിന്റെ കാരണങ്ങൾ രണ്ടും ഈ വേദഭാഗത്തു കാണു ന്നു. ഒന്നാം വാക്യത്തിൽ 'സ്വസ്ഥ തയുള്ള ജീവിതം കഴിക്കേണ്ട തിന്' എന്നും, 4-ാം വാക്യത്തിൽ 'സകല മനുഷ്യരും രക്ഷപ്രാപി പ്പാൻ അവൻ ഇച്ഛിക്കുന്നു' എന്നു മാണ് കാരണങ്ങളായി പറഞ്ഞിരി ക്കുന്നത്. നമുക്ക് നമ്മുടെ ഭരണാ ധികാരിക്കായി പ്രാർത്ഥിക്കാം. സമാധാനത്തിനായി പ്രാർത്ഥി ക്കാം. രക്ഷിക്കപ്പെടാത്ത ജനസമൂ ഹത്തിനായി പ്രാർത്ഥിക്കാം. വിളഞ്ഞു കിടക്കുന്ന വയലിലേക്ക് ജയമാനൻ വേലക്കാരെ അയക്കേ ണ്ടതിന് പ്രാർത്ഥിക്കാം.

അടുത്തതായി പൗലോസ് പറയു ന്നത് ശ്രദ്ധിക്കുക. "കർത്താവിന്റെ വചനം വേഗം വ്യാപരിച്ച് മഹത്വ പ്പെടുവാനും വല്ലാത്തവരും ദുഷ്ട ന്മാരുമായ മനുഷ്യരുടെ കൈ യിൽ നിന്ന് ഞങ്ങൾ വിടുവിക്കപ്പെ ടേണ്ടതിനും ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിപ്പിൻ (2 തെസ.3:1,2). അ ടുത്ത വാക്യം ശ്രദ്ധിക്കുക. "അവ ൻ നിങ്ങളെ ഉറപ്പിച്ച് ദുഷ്ടന്റെ കൈയിൽ അകപ്പെടാതവണ്ണം കാ ത്തുകൊള്ളും" സഹോദരീ സ ഹോദരന്മാരെ, ദൈവചനത്തിന്റെ വ്യാപാരവും, കത്തൃദാസന്മാരുടെ സുരക്ഷിതത്വവും നമ്മുടെ പ്രാർ ത്ഥനയെ ആശ്രയിച്ചിരിക്കുന്നു എ ങ്കിൽ, നാം എത്ര അധികം ജാഗ്ര ത ഉള്ളവരായിരിക്കണം എന്ന് മറ ക്കരുത്. അതിനാലാണ് നമ്മുടെ ഉറപ്പും എന്നതും ശ്രദ്ധിക്കുക.

എല്ലാവർക്കും എല്ലാ ദിവസവും ഈ വിഷയങ്ങൾക്കെല്ലാം പ്രാർ ത്ഥിക്കുവാൻ കഴിയുന്നതല്ലല്ലോ. അതു കൊണ്ട് നാം ഓരോരുത്ത രും ഓരോ പ്രത്യേക പ്രാർത്ഥനാ വിഷയം നമുക്കു സ്വന്തമാക്കി കർത്താവിന്റെ പ്രവർത്തി അവി ടെ പൂർത്തീകരിക്കുന്നതുവരെ തുടർച്ചയായി, പതിവായി പ്രാർ ത്ഥിക്കാം. നമ്മുടെ പ്രാർത്ഥനകൾ വളരെ ശ്രദ്ധയോടുകൂടിയതും കേന്ദ്രീകരിക്കപ്പെട്ടതുമായിരിക്ക ട്ടെ. ഒരു സംസ്ഥാനത്തെ പ്രാർത്ഥ നക്കായി സ്വന്തമാക്കാം. ഒരു ജി ല്ലയെ കേന്ദ്രീകരിക്കാം. അവിടെ യുള്ള ഏതെങ്കിലും ചുരുക്കം വേലക്കാരെ തെരഞ്ഞെടുക്കാം. അവർക്കായി, അവരുടെ സുരക്ഷി തത്വത്തിനായി, അവരുടെ പ്രവർ ത്തനങ്ങൾക്കായി പ്രാർത്ഥിക്കാം. രക്ഷിക്കപ്പെടാത്ത ബന്ധുമിത്രാദി കളെ ദിവസവും പ്രാർത്ഥനയിൽ സ്മരിക്കാം. നമ്മിൽകൂടെ ദൈവ നാമം മഹത്വപ്പെടുവാൻ ഇടയാക ട്ടെ. ദൈവകൃപ നമ്മുടെ ദേശ മാകെ വ്യാപരിക്കട്ടെ. പ്രാർത്ഥനാ കലണ്ടർ ഉപയോഗിച്ചും ഇതു ചെയ്യാവുന്നതാണ്.

വ്യക്തികളായി, കുടുംബങ്ങളായി, സഭകളായി, ചെറിയ കൂട്ടങ്ങളായി, വലിയ കൂട്ടങ്ങളായി ഇടവിടാതെ ദൈവസന്നിധിയിൽ പ്രാർത്ഥിക്കു വാനും ജാഗരിക്കുവാനും കർത്താ വ് നമുക്കു കൃപതരട്ടെ. അവന്റെ നാമത്തിനു മഹത്വം. ആമേൻ!.

**YOUTH GUIDE**

# EXAM TIME AGAIN

Its exam time again… Hard work, sleepless nights, black coffee steaming, the alarm bell ringing….reading, memorizing, revising… some are tensed, some are cool; some get fever, others think they'll somehow make it; some lose appetite, others can't stop munching .. …..Why? The reason is that the labor of these days will determine the future of those engaged in it.

Whether we realize it or not, we are all writing exams. Life is a daily test of our faithfulness to God and our battle with Satan. The one who passes the tests will have victory day to day and eternal, imperishable rewards in the end. The question papers are directly from heaven and are all to be cleared in practice.

Students are questioned according to the syllabi they had received and taught. So also God expects us to provide appropriate answers. He will hold us responsible as stewards of all He has given us. A quick look at all the resources, we have, will enable us to see how carefully we need to live here.

First look at our bodies… scripture says our bodies are the temple of the living God and a temple needs to be holy in all aspects. What have we watched with our eyes, heard with our ears, done with our hands or spoken with our mouth? If, 'For every idle word spoken, we will have to give account, in the Day of Judgment' (Mathew 12:36), what about the things we have done with our bodies??

How about our good looks ….are they not the gift of God? Do they attract some to the savior or are they a cause for some to stumble and fall?

What about the abilities and talents we are bestowed with? Have we maximized our potential to study, to work, to influence others in the right way?

How about our relationships… are they holy and untainted? Have we maintained absolute purity? (I Timothy 5:2).

What about the 24 hour - 365 day time span we have every year?? How have we spent it? What things occupy the prime part of our time? Are we using it wisely? (Ephesians 5:15, 16). Are we fulfilling God's purposes in keeping us alive?

How do we spend our money? What are we using it for? Is eat, drink and be merry, our password? Are we investing in the bank of heaven?

Coming to health…. For what purpose are we using our energy? Is it just for fun and frolic with friends or is it spent on bringing some to a better world?

Let's not forget there is a day of reckoning. We will all have to stand before the judgment seat of Christ one day (Romans 14:10). Each one will have to give an account of his own life (Romans 14:12). What will be your future my friend? What are your answers to the questions asked? Will you come out with flying colours??

***— Betty John Kurian***

## നവദമ്പതികൾ



*വൈക്കം റഹബോത്ത് ബ്രദ്റൻ സഭാംഗം സണ്ണി കുരുവിളയുടെ മകൻ **സരിനും** കടപ്ര ബ്രദ്റൻ സഭാംഗം ജോൺ മത്തായിയുടെ മകൾ **ഡോളിയും.***

## വിവാഹവേദി

അനേക യുവതീയുവാക്കൾക്ക് അനുയോജ്യരായ പങ്കാളികളെ കണ്ടെത്താൻ അവരുടെ മാതാപിതാക്കളേയും ബന്ധുക്കളേയും സഹായിക്കാ നുള്ള ഒരു സൗജന്യ ശുശ്രൂഷയാണ് - 'വിവാഹവേദി'. വിവാഹം ദൈവഹിത പ്രകാരം നടക്കണം. ഭൗതീക താൽപര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന പരസ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതല്ല. **റിന്യുവൽ വരിക്കാരുടെ പരസ്യങ്ങളേ സൗജന്യ മായി പ്രസിദ്ധീകരിക്കുകയുള്ളു. അല്ലാത്തവയ്ക്ക് ന്യൂസ് എഡിറ്ററുമായി ബന്ധപ്പെടുക.** പരസ്യങ്ങൾ തരുന്നവർ പേരും മേൽവിലാസവും അറിയിക്കണം.

### WANTED BRIDE GROOM

**RM No : 909 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 26 വയസ്സ് 5'3' ഉയരം. M.A., B.Ed., PGDCA വടക്കേ ഇന്ത്യയിൽ ജോലി.

**RM No : 910 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 23 വയസ്സ് 5'3' ഉയരം. B.E.(EEE) ടെക്നോ പാർക്കിൽ ജോലി.

### WANTED BRIDE

**RM No : 911 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 28 വയസ്സ് 5'6" ഉയരം. M.C.A ബാംഗ്ലൂരിൽ ജോലി.

**RM No : 912 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 26 വയസ്സ് 5'6" ഉയരം. PDC, X-ray Welder ഗൾഫിൽ ജോലി.

**RM No : 913 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 28 വയസ്സ് 5'6" ഉയരം. B.Sc. DIT, IATA. ഗൾഫിൽ ജോലി.

**RM No : 914 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 29 വയസ്സ് 5'6" ഉയരം. ഗൾഫിൽ ജോലി, ഉടൻ നാട്ടിൽ വരുന്നു.

വിവാഹ വേദിയിലെ അന്വേഷണങ്ങൾ ബന്ധപ്പെട്ടവർക്ക് എത്തിക്കുന്ന താണ്. തുടർന്നുള്ള കാര്യങ്ങൾക്ക് നേരിട്ടേർപ്പെടുക. വിവാഹ വേദിയിലെ അന്വേഷണങ്ങൾക്ക് പകൽ 10 മുതൽ 5 വരെ **0484 2432896** എന്ന നമ്പറിൽ ബന്ധപ്പെടുക.

# നമുക്കു ചുറ്റും

## ശിഷ്യത്വ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്

വിശ്വാസികളായ യുവജനങ്ങൾക്കും ഇപ്പോൾ മിഷൻ ഫീൽഡിലുള്ളവർക്കും ഒരുപോലെ പ്രയോജനപ്രദമായ ശിഷ്യത്വപരിശീലന പരിപാടി. മെയ് 20 വൈകിട്ടു മുതൽ 29 വൈകിട്ട് വരെ. തിരുവല്ല ചുമത്ര ബ്രദ്റൻ സഭയുടെ സഹകരണത്തിൽ. ദൈവം വളരെ ഉപയോഗിക്കുന്ന ദൈവദാസന്മാരുടെ അനുഭവങ്ങൾ കേൾക്കാനും ഒരു ദിവസം മിഷൻ ടൂറിനും അവസരം. എത്രയും വേഗം രജിസ്റ്റർ ചെയ്യുക. സഹോദരന്മാർക്കും സഹോദരിമാർക്കും താമസ സൗകര്യങ്ങൾ. കുടുംബമായും പങ്കെടുക്കാം. Paul Timothy Institute, C/o. Christian Brethren Church, Chumathara P.O., Tiruvalla - 689103. Kerala. Tel : 0469 - 2601532, 9447360417.

## സുവിശേഷ ഗാനസന്ധ്യയും വി.ബി.എസും.

മാങ്കുളം ബ്രദ്റൻ സഭയുടെ ആഭിമുഖ്യത്തിൽ സുവിശേഷ ഗാനസന്ധ്യ മാർച്ച് 31ന് വൈകിട്ട് 5നും ഏപ്രിൽ 1 മുതൽ വി.ബി.എസും നടക്കുന്നു. സഭയുടെ വിലാസം Mankulam Brethren Assembly, Mankulam P.O., Chithrapuram (Via), Idukki - 685565.

## മുതുകുളത്ത് പുതിയ സഭ

ആലപ്പുഴ ജില്ലയിലെ മുതുകുളത്ത് ഒരു പുതിയ സഭാകൂടി വരവ് ഫെബ്രുവരി 22ന് ആരംഭിച്ചു. ചേപ്പാട് സഭയുടെ സഹകരണത്തിൽ കനകക്കുന്ന്, മുതുകുളം, പുതിയവിള പ്രദേശങ്ങളിൽ പ്രവർത്തിച്ചതിന്റെ ഫലമായാണ് സഭാ കൂടിവരവ് ആരംഭിച്ചത്. ഈ പ്രദേശത്തു നിന്ന് വിശ്വാസത്തിലേക്കു വന്ന സഹോദരൻ എസ്. രാജേന്ദ്രൻ ഇവിടെ താമസിച്ച് പ്രവർത്തിക്കുന്നു. സഭയുടെ വിലാസം – Ebenezer Bretheren Assembly, C/o. Rajenderan, Gospel Bhavan, Muthtukulam P.O., Alappuzha - 690 506. സഭയ്ക്കു വേണ്ടി – സാമുവൽ തോമസ്. ആർ. ദേവരാജൻ.

## സോദരീ സമാജം

കൊട്ടാരക്കര സെന്റർ സോദരീ സമാജം സമ്മേളനം മാർച്ച് 14–ാം തീയതി ശനിയാഴ്ച പുല്ലാമല സഭയിൽ വെച്ച് രാവിലെ 10 മണിക്ക് നടന്നു. ചിന്നമ്മ വർഗ്ഗീസ് (സെക്രട്ടറി)

## റാന്നി

റാന്നി സെന്റർ സോദരീ സമാജത്തിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 7 മുതൽ 10 വരെ സിസ്റ്റേഴ്സ് കോൺഫറൻസ് റാന്നി ബ്രദ്റൻ ഓഡിറ്റോറിയത്തിൽ വെച്ച് നടക്കുന്നു – തങ്കമ്മ ജയിംസ് (സെക്രട്ടറി)

## ഡിവൈൻ ഇൻസ്പിരേഷൻ മിനിസ്ട്രി

കുന്നംകുളത്തും സമീപ പ്രദേശങ്ങളിലുമുള്ള ബ്രദ്റൻ സഭകളിലെ യുവസഹോദരന്മാർ ഒരുമിച്ച് 'ഡിവൈൻ ഇൻസ്പിരേഷൻ മിനിസ്ട്രി ഓഫ് യൂത്ത്' എന്ന പേരിൽ സുവിശേഷ പ്രവർത്തനങ്ങൾ ആരംഭിക്കുന്നു. ഈ പ്രവർത്തനങ്ങളുടെ മുന്നോടിയായി 2009 ഏപ്രിൽ 5ന് ഒരു മ്യൂസിക് നൈറ്റ് നടത്തുന്നു. കേരളത്തിലെ ക്രൈസ്തവ സംഗീത മേഖലയിലെ ഗായകർ പങ്കെടുക്കും.–എബ്രഹാം ബേബി (ഓർഗനൈസർ) ജോയി. സി. മോസസ്സ് (കോ–ഓർഡിനേറ്റർ).

## കുളമാവ് സഭയുടെ പ്രവർത്തനങ്ങൾ

ഇടുക്കി ജില്ലയിലെ കുളമാവിന്റെ സമീപ പ്രദേശങ്ങളായ വലിയമാവ്, തുമ്പിച്ചി, കരിപ്പാലങ്ങാട്, നാടുകാണി എന്നിവിടങ്ങളിലെ ആദിവാസികളുടെ ഇടയിലെയും മറ്റു ജനവിഭാഗങ്ങളുടെ ഇടയിലുമുള്ള പ്രവർത്തനങ്ങൾ മുഖാന്തരം അനേകർ രക്ഷിക്കപ്പെടുവാനിടയായി. എറണാകുളം ജില്ലയിലെ വിവിധ സഭകളിൽ നിന്നുള്ള സഹോദരൻമാർ പല ദിവസങ്ങൾ ഇവിടെ വന്ന് താമസിച്ച് പ്രവർത്തനങ്ങളിൽ സഹായിക്കുന്നു. സഭയുടെ വിലാസം – Kulamavu Brethren Assembly, C/o. Johnson C.S. (Evg.) Chamaparayil House, Kulamavu P.O., Idukki - 685 601.

## ദേവികുളം സഭയുടെ അഭ്യർത്ഥന

ആനമുടി ബ്രദ്റൻ സഭയുടെ സഹകരണത്തോടെ സുവി. സി. യേശുദാസ്, സുവി. പോൾ എൻ. പ്രഭാകരൻ എന്നിവർ ദേവികുളത്ത് പ്രവർത്തിച്ചതിന്റെ ഫലമായി 2006 സെപ്റ്റംബറിൽ ഒരു വാടക കെട്ടിടത്തിൽ സഭാ കൂടിവരവ് ആരംഭിച്ചു. വിവിധ ദുരുപദേശ സംഘടനകളുടെ വലിയ സ്വാധീനമുള്ള ഈ മേഖലയിലെ പ്രവർത്തനം വളരെ കഠിനമാണെങ്കിലും അനേകർ കർത്താവിനെ കണ്ടെത്തുവാനിടയായി. ഇതേ തുടർന്ന് സ്വന്തമായി ഒരു സഭാഹാൾ ഉണ്ടാകണം എന്ന ആഗ്രഹത്തിൽ പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു. ഈ ആവശ്യത്തിനായി SBT ദേവികുളം ശാഖയിൽ 'Brethren Assembly' എന്ന പേരിൽ ഒരു ജോയിന്റ് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. A/c. No. 67072294216 ദൈവജനത്തിന്റെ വിലയേറിയ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു. സഭയുടെ വിലാസം – Devikulam Brethren Assembly, P.O.Box : 7, Devikulam P.O., Idukki - 685 613. സഭയ്ക്കു വേണ്ടി – സി. യേശുദാസ്, അലക്സാണ്ടർ റ്റി. തോമസ്.


ഹൃദയഹാരിയായ ആത്മീയഗാനോപഹാരം




അനിത ജെസ്സി ജോൺസൻ രചിച്ച് പ്രശസ്ത ഗായിക, ഗായികന്മാർ ആലപിച്ച

ന്യായാസനം

ഈണം – സുനിൽ സോളമൻ.

കൂടുതൽ വിവരങ്ങൾക്ക്

**JPS Creations**, Painummoottil, Thrikkannamangal, Kottarakkara, Kollam - 691 506. Tel : 0474 2454061.

ADVT



അവധിക്കാലം കുട്ടികൾക്ക് ആഘോഷിക്കുവാൻ

പുത്തൻ പാട്ടുകൾ
പുത്തൻ കഥകൾ
പുത്തൻ ഗെയിംസ്
എല്ലാം പുതിയത്

പ്രാദേശിക ബ്രദ്റൻ സഭകളുടെ ചരിത്രത്തിലാദ്യം 1994ൽ വി.ബി.എസ് സിലബസ്സ് പ്രസിദ്ധീകരിച്ച ചൈൽഡ് ഇവാൻജലിസം മിനിസ്ട്രി കുട്ടികൾക്കായ് ഒരുക്കുന്ന

**5 DAY VBS**

**ദൈവപുരുഷനോടൊപ്പം**

പുതിയ സുവിശേഷ മേഖലയിലേക്ക് സൗജന്യനിരക്കിൽ

സഭകളായും വ്യക്തികളായും വി.ബി.എസ് സ്പോൺസർ ചെയ്യുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ വിലാസം.
**CEM**, PO Box-4, Kuttapuzha, Tiruvalla 689103, Tel. 0469-2601532, 2701165, 9447360417, 9496264838, 9947451375

ADVT


## പ്രയർ കലണ്ടർ
## ഏപ്രിൽ 2009

പ്രാർത്ഥനാ ചങ്ങലയിൽ ചേർന്നവർക്ക് മാത്രം അല്ല, എല്ലാ ദിവസവും നിശ്ചിത സമയം ദൈവസന്നിധിയിൽ ചെലവഴിക്കാൻ താൽപര്യമുള്ള എല്ലാവർക്കും വേണ്ടിയാണ് ഈ കലണ്ടർ. റിന്യൂവലിന്റെ മറ്റു പേജുകളിലും ധാരാളം പ്രാർത്ഥനാ വിഷയങ്ങൾ ഉണ്ട്. നാം പതിവായി പ്രാർത്ഥിക്കുന്ന ആളുകളുടേയും വിഷയങ്ങളുടെയും ലിസ്റ്റുണ്ടാക്കുന്നത് എത്രയും നല്ലതാണ്. നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക. പ്രയർ കലണ്ടർ C/o റിന്യൂവൽ, പി. ബി. 2665, ബ്രോഡ്‌വേ, എറണാകുളം 682 031.

| | | | | | |
|---|---|---|---|---|---|
| **ഞായർ** സ്ഥലം സഭയ്ക്കു വേണ്ടി |  | **5** വിശ്വാസികളുടെ ഐക്യം, സഭയുടെ ഉണർവ്വ്. സഭയിലെ ഓരോ വ്യക്തികളും കർത്താവിനെ കൂടുതൽ അറിയുവാൻ, അവന്റെ വിളിയാലുള്ള ആശ എന്തെന്നു അറിയാൻ, അവൻ നമുക്ക് നല്കിയിരിക്കുന്ന ആത്മീയ ധനം എന്തെന്നറിയാൻ, നമ്മിൽ ഉള്ള ശക്തിയുടെ അളവറ്റ വലിപ്പം അറിയാൻ ഓരോരുത്തർക്കായി പേരു പറഞ്ഞ് പ്രാർത്ഥിക്കുക. | **12** സ്ഥലം സഭ സുവിശേഷ പ്രവർത്തനങ്ങൾക്ക് കൂടുതൽ കൊടുക്കാൻ, വേലക്കായി പല സ്ഥലത്തേക്കും പോകാൻ. എല്ലാ ദിവസവും എല്ലാവരും ആരോടെങ്കിലും സുവിശേഷം പങ്കുവെക്കാൻ. നല്ല സാക്ഷ്യം പുലർത്താൻ. പാപം ചെയ്താൽ പശ്ചാത്തപിച്ച് ഉടൻ ഏറ്റ് പറഞ്ഞ് മടങ്ങിവരാൻ, അനേകർ രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് സഭയോട് ചേരാൻ | **19** സൺഡേസ്കൂളിനായി, പുതിയ കുഞ്ഞുങ്ങൾ വരാൻ, അവർ രക്ഷിക്കപ്പെടാൻ, അവരെ പഠിപ്പിക്കുന്ന ടീച്ചേഴ്സിനായി. അവർ ഭാരത്തോടെ ഈ പ്രവർത്തനം ചെയ്യാൻ. കുഞ്ഞുങ്ങളുടെ ഭവനം സന്ദർശിച്ച് അവരോട് നേരിട്ട് സുവിശേഷം പങ്കുവെയ്ക്കാൻ. സ്ഥലം സഭയിലെ കുഞ്ഞുങ്ങൾ അച്ചടക്കത്തോടെ യോഗങ്ങൾക്ക് ഇരിക്കാൻ. | **26** സഭയുടെ എല്ലാ കൂടിവരവുകൾക്കായി. അതിൽ എല്ലാവരും മുടങ്ങാതെ പങ്കെടുക്കുവാൻ. സഭയിൽ യൂത്ത് മീറ്റിംഗ് സഹോദരിമാരുടെ മീറ്റിംഗ്, ഭവന പ്രാർത്ഥന, ബൈബിൾ സ്റ്റഡി, ഉപവാസ പ്രാർത്ഥന ഇവ ഇല്ലയെങ്കിൽ ആരംഭിക്കുവാൻ. ഉണ്ട് എങ്കിൽ അത് സജ്ജീവമാകാൻ. വ്യക്തിപരമായി വചനം പഠിക്കുന്നവരും, പ്രാർത്ഥിക്കുന്നവരുമായി തീരുവാൻ. |
| **തിങ്കൾ** അധികാര സ്ഥാനങ്ങളിലുള്ളവർക്ക് വേണ്ടി | | **6** നമ്മുടെ പ്രധാനമന്ത്രി മൻമോഹൻസിംഗ്, പ്രസിഡന്റ് പ്രതിഭാ പാട്ടീൽ, ആഭ്യന്തര മന്ത്രി പി. ചിദംബരം. കേരളത്തിലെ മുഖ്യമന്ത്രി വി. എസ്. അച്ചുതാനന്ദൻ, വിദ്യാഭ്യാസ മന്ത്രി എം. എ. ബേബി, നമ്മുടെ എം. എൽ. എ., പഞ്ചായത്ത് മെംബർ. ഇവരാരും സുവിശേഷത്തിന് തടസ്സം ഉണ്ടാക്കാതിരിക്കാൻ. അവർ രക്ഷിക്കപ്പെടാൻ. | **13** ഒറീസ്സയിലെ നിയമസഭാ തെരഞ്ഞെടുപ്പും ഏപ്രിൽ 23ന് നടക്കുന്നു. ക്രിസ്ത്യാനികൾക്കുണ്ടായ പീഡനം നമുക്കറിയാമല്ലോ. ഇപ്പോഴത്തെ മുഖ്യമന്ത്രി നവീൻ പട്നായിക്ക്. ജീവനുള്ള ദൈവത്തെ ഭയപ്പെടുന്ന ഗവർമെന്റ് രൂപീകരിക്കപ്പെടാൻ. ഒറീസ്സയിൽ വർഷങ്ങൾക്കു മുമ്പ് പാസ്സാക്കിയ മതപരിവർത്തന നിരോധന നിയമം പിൻവലിക്കപ്പെടാൻ. | **20** ഭാരതം പൊതുതെരഞ്ഞെടുപ്പിലേക്കു നീങ്ങുന്നു. ഏപ്രിൽ 16, 23, 30 മെയ് 7, 13 തീയതികളിൽ ഏറ്റവും നീതിപൂർവ്വമായ തെരഞ്ഞെടുപ്പിനായി. മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ എൻ. ഗോപാലസ്വാമി, കമ്മീഷണർമാർ നവീൻ ചൗള, എസ്. വൈ. ഖുറേഷി എന്നിവർക്കായി. കേരളത്തിലെ തെരഞ്ഞെടുപ്പിന്റെ ചുമതല വഹിക്കുന്ന മിസ്സിസ്സ് നളിനി നെറ്റോ | **27** സുപ്രീം കോടതി ചീഫ് ജസ്റ്റിസ് കെ. ജി. ബാലകൃഷ്ണൻ, ജഡ്ജി സിറിയക് ജോസഫ്, മറ്റ് ജഡ്ജിമാർ, കേരള ഹൈക്കോടതിയുടെ പുതിയ ചീഫ് ജസ്റ്റിസ് സമീന്ദർ രദ്ദ്യബന്നൂർമറ്, പാറ്റ്നാ ഹൈക്കോടതി ചീഫ് ജസ്റ്റിസ് ജെ. ബഞ്ചമിൻ കോശി, കേരളാ ആക്ടിംഗ് ചീഫ് ജസ്റ്റിസ് കുര്യൻ ജോസഫ് തുടങ്ങിയവർക്കായി. |
| **ചൊവ്വ** രക്ഷിക്കപ്പെടാത്തവർക്കു വേണ്ടി | | **7** നമ്മുടെ അയൽപക്കത്തുള്ളവർ രക്ഷിക്കപ്പെടാൻ. അവർക്കായി പേരു പറഞ്ഞ് പ്രാർത്ഥിക്കുക. അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി അവരുമായി ഒന്നിച്ച് പ്രാർത്ഥിക്കുക. അവരെ നമ്മുടെ വീട്ടിലേക്ക് പ്രാർത്ഥനയ്ക്കായ് ക്ഷണിക്കുക. നമ്മുടെ മക്കളുടെ കൂട്ടുകാർ രക്ഷിക്കപ്പെടാൻ. (അതിനായി അവരെ വീട്ടിൽ വിളിച്ച് എന്തെങ്കിലും ആത്മീയ പരിപാടി നടത്തുക). | **14** നമ്മുടെ വീട്ടിൽ സഹായിക്കുന്നവർ, വീട്ടിൽ മീൻ തരുന്നവർ, പാലു തരുന്നവർ, നാം സാധനങ്ങൾ വാങ്ങുന്ന കടയിലെ ആൾക്കാർ. നമ്മുടെ പോസ്റ്റ് ഓഫീസിലെ ജീവനക്കാർ, റോഡു പണിക്കാർ, നാം ജോലി ചെയ്യുന്ന സ്ഥാപനത്തിലെ ജോലിക്കാർ, മേലുദ്യോഗസ്ഥർ, നാം സാധാരണ കയറുന്ന ബസിന്റെ ജീവനക്കാർ ഇവരെല്ലാം രക്ഷിക്കപ്പെടാൻ. | **21** നമ്മുടെ ബന്ധുക്കൾ രക്ഷിക്കപ്പെടുവാൻ. അതിനായി കുടുംബയോഗങ്ങൾ നടത്തുക. അവിടെ സുവിശേഷം പറയുക. നമ്മുടെ സഭാംഗങ്ങളുടെ ഭവനത്തിലുള്ളവർക്കായി. നാം ദിവസേന നടക്കാനും മറ്റും പോകുമ്പോൾ കൂടെ നടക്കുന്നവർ, ഡോക്ടേഴ്സ്, നഴ്സസ് ഇവർക്കായി. അവരുടെ രക്ഷയ്ക്കായി. | **28** നാം ലജ്ജ കൂടാതെ സുവിശേഷം പങ്കുവയ്ക്കാനുള്ള കൃപക്കായി. ടി.വി. ന്യൂസ് റീഡേഴ്സ്, സിനിമാ നടി, നടന്മാർ, കെട്ടിടം പണിക്കായി വന്നിരിക്കുന്ന തമിഴ്നാട്ടുകാർ, ബീഹാറുകാർ, ബംഗാളികൾ ഒക്കെ രക്ഷിക്കപ്പെടാൻ. അവർക്ക് നല്ല ട്രാക്റ്റുകൾ നൽകാൻ. |
| **ബുധൻ** സൗഖ്യമില്ലാത്തവർക്ക് വേണ്ടി | **1** റ്റോമി ചെറിയാൻ (ഡയാലസിസ് ചെയ്യുന്നു). ലിയോപോൾ, തോമസ് നൈനാൻ, എസ്ഥേറമ്മ, വി. ജെ. വർഗ്ഗീസ്, സൂസി ആന്റണി (ക്യാൻസർ), ഫേബ രാജൻ (14) – ബ്ലഡ് ക്യാൻസർ, സിയോൺ പാണി (ബ്രെയിൻ റ്റി. ബി), തോമസ് പി. സാമുവേൽ, ജയിംസ് സാമുവേൽ. | **8** റ്റി. എ. ജോസ്, സി. ജെ. മാത്യു, ആബേൽ പോൾ (12), സാംകുട്ടി (ദുബായ്), എം. ജോസഫ് (ആൻഡമാൻസ്), എം. എം. ജോൺ അയ്മനം, സീതാറാം (ഗ്വാളിയർ), ലിയോ പോൾ (ഇരിങ്ങാലക്കുട), ജോയ്സ് (ബാംഗ്ലൂർ) മാനസിക അസുഖമുള്ളവർ (Mental illness) ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക. | **15** സാറാ (തിരുവല്ല), മനു കുടിയാന്മല, ക്ലാരമ്മ സഹോദരി, പ്രീനി (പക്കാഞ്ചോർ), എ. ആർ. പീറ്റർ (പാലക്കാട്), റോസ്നി പോൾ, മെർലിൻ, സ്റ്റെവിൻ ഇവരെ ശുശ്രൂഷിക്കുന്നവർക്കായി. മാതാപിതാക്കൾക്കായി, ശുശ്രൂഷക്കു വേണ്ട സാമ്പത്തീക ആവശ്യങ്ങൾക്കായി. ഹോം നഴ്സുമാർ രക്ഷിക്കപ്പെടുവാൻ. | **22** വാർദ്ധക്യത്തിലായിരിക്കുന്ന നാം അറിയാവുന്നവർക്കായി. സഹോ. വി. പി. ജേക്കബ്, ടി. യു. ചെറിയാൻ, റ്റി. ഇ. ഈശോ, ഫിലിപ്പ് എബ്രഹാം. പ്രയാസം അനുഭവിക്കുന്നവരെ കഴിയുമെങ്കിൽ ചെന്നുകണ്ട് കൂടെ ഇരുന്ന് വചനം വായിക്കയും പാടുകയും പ്രാർത്ഥിക്കയും ചെയ്യുക. രോഗികൾക്ക് താമസിച്ച് ചികിത്സ നേടാനായി തുടങ്ങിയ ആർദ്രം പ്രോജക്ടിനായി. | **29** രോഗികൾ അവരുടെ കഷ്ടതയിൽ നിരാശപ്പെടാതിരിക്കാൻ. ദൈവ ഉദ്ദേശ്യം എന്തെന്ന് മനസ്സിലാക്കാൻ, അവരെ ശുശ്രൂഷിക്കുന്ന ഡോക്ടേഴ്സിനായും, നഴ്സിനായും സമർപ്പണത്തോടെ ചുമതല ചെയ്യാൻ വെല്ലൂരിൽ ചികിത്സയിലായിരിക്കുന്ന യുവ സഹോദരി ഷെറിനു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക. |
| **വ്യാഴം** സുവിശേഷ പ്രവർത്തകർ, പ്രവർത്തനങ്ങൾ | **2** നമ്മുടെ ഇടയിലുള്ള മാസികകൾ, ഇതിന്റെ എഡിറ്റേഴ്സ്, പ്രവർത്തകർക്കായി, ആത്മപ്രകാശിനി, സുവിശേഷകൻ, ഉന്നതധ്വനി, നിയോഗം, സുവിശേഷധ്വനി, ജീവവചനം, റിന്യൂവൽ, വിനിയാഡ് എക്കോ, ഹാർവെസ്റ്റ് റൈംസ് ഓരോ വാക്കും കൃപയോടെ എഴുതുവാനും, അതു വായിക്കുന്നവർക്ക് ആത്മികാഭിവൃദ്ധി ഉണ്ടാകുവാനും. | **9** കെ. ഇ. എം. ഫണ്ട്, ബിലിവേഴ്സ് റിലീഫ് ട്രസ്റ്റ്, ജനറൽ ഗോസ്പൽഫണ്ട്, എസ്. പി. എസ്. ഇതിന്റെ എല്ലാ ഭാരവാഹികൾക്കായി. എൻ. എം. സ്കൂളുകൾക്കായി. അവിടെ പഠിപ്പിക്കുന്ന അദ്ധ്യാപകർ സുവിശേഷത്തിന് മുൻതൂക്കം കൊടുക്കാൻ, പ്രയർ ഗ്രൂപ്പുകൾ ഇല്ലാത്തിടത്ത് തുടങ്ങാൻ. | **16** പ്രയർ ഹാൻഡ്ബുക്ക് വാങ്ങി അതിലെ സുവിശേഷകന്മാരുടെ പേരു പറഞ്ഞ് പ്രാർത്ഥിക്കുക. രണ്ടുപേരെ രാവിലെയും രണ്ടുപേരെ വൈകിട്ടും പ്രാർത്ഥനയിൽ ഓർക്കാം. കുട്ടികളെക്കൊണ്ടും പ്രാർത്ഥിപ്പിക്കുക. അവരുടെ ആവശ്യങ്ങൾ തിരക്കി പ്രാർത്ഥിക്കുക. അവരുടെ സംരക്ഷണത്തിനായി പ്രാർത്ഥിക്കുക. | **23** സഭാഹാൾ ഇല്ലാത്തിടത്ത് ഹാൾ പണിയാൻ, നിലമ്പൂർ, കള്ളമല, റായിഗഡ്, ബാലോഡ് എന്നിവിടങ്ങളിൽ അത്യാവശ്യമായ ഹാൾ വേണം. പുതിയ സ്ഥലങ്ങൾ തിരഞ്ഞെടുത്തു പ്രവർത്തിക്കുന്നവർക്കായി. അഞ്ചൽ, കല്ലിശ്ശേരി, മൈക്കാവ് സഭകൾക്കായി പ്രത്യേകം പ്രാർത്ഥിക്കുക. | **30** മിഷണറി സ്കൂളുകൾക്കായി. അതു നടത്തുന്നവർക്കായി, ഈർപ്പനാർ സ്കൂളിനായി പ്രാർത്ഥിക്കാം. അവിടുത്തെ കെട്ടിടം പണിക്കായി. കുട്ടികൾ എല്ലാം രക്ഷിക്കപ്പെടാൻ. അതുമൂലം മാതാപിതാക്കളും രക്ഷിക്കപ്പെടാൻ. അവിടുത്തെ ടീച്ചേഴ്സിനായി. ലാൻസി, റീനാ, ഡാനി, ഡേവിഡ്, ജെറമി. |
| **വെള്ളി** ലോക രാജ്യങ്ങൾ | **3** ലോകത്തിന്റെ പല ഭാഗത്തായി 6 ബില്ല്യൺ ജനങ്ങൾ ചിതറിപ്പാർക്കുന്നു. അതിൽ കുറച്ചു ശതമാനം മാത്രം രക്ഷിക്കപ്പെട്ടുവരുള്ളു. രക്ഷിക്കപ്പെടാത്തവർക്കായി പ്രാർത്ഥിക്കുക. 10/40 ജാലകത്തിൽ വരുന്ന രാജ്യങ്ങളെ പ്രത്യേകിച്ച് ഓർക്കാം. പാക്കിസ്ഥാനിലെ വിശ്വാസികൾക്ക് സംരക്ഷണം ലഭിക്കുവാനായി പ്രത്യേകം പ്രാർത്ഥിക്കുക. | **10** ആഫ്രിക്കകായി – 58 രാജ്യങ്ങൾ ഉള്ള ഭൂഖണ്ഡം. ഇവാഞ്ചലിക്കൽ ശതമാനം 14.8 മാത്രം. അൾജീറിക്ക് വേണ്ടി പ്രാർത്ഥിക്കാം. 3 കോടിയിൽ പരം ജനം. മുസ്ലീംങ്ങൾ 96.68%. ക്രിസ്ത്യാനികൾ 0.29% മാത്രം. പ്രധാന ഭാഷ അറബി. സുവിശേഷത്തിന് വളരെ എതിർപ്പുള്ള സ്ഥലം. സോഷ്യൽ വർക്കിലൂടെയും, ജീവകാരുണ്യപ്രവർത്തനങ്ങൾ കൂടെയും സുവിശേഷം അറിയിക്കാൻ | **17** ആഫ്രിക്കയിലെ അങ്കോള. ഏകദേശം 1 കോടിയിൽ പരം ആളുകൾ. പ്രധാന ഭാഷ പോർച്ചുഗീസ് 42 ഭാഷകൾ ഉണ്ട് 12 ഭാഷയിൽ മുഴു ബൈബിൾ. 3 ഭാഷയിൽ പുതിയ നിയമം. 13 ഭാഷയിൽ ബൈബിൾ ഭാഗങ്ങൾ. എപ്പോഴും ക്ഷാമവും, യുദ്ധവും നടക്കുന്നിടം. അതുമൂലം സമാധാനം ഇല്ല. YWAM പ്രവർത്തനങ്ങൾ നടക്കുന്നു. | **24** ബനിനുവേണ്ടി പ്രാർത്ഥിക്കുക. 19 ലക്ഷം പേർ പ്രധാന ഭാഷ ഫ്രഞ്ച്. 51 ഭാഷകൾ. 6 ഭാഷയിൽ മുഴു ബൈബിൾ. 9 ഭാഷയിൽ പുതിയ നിയമം. 12 ഭാഷയിൽ ബൈബിൾ ഭാഗങ്ങൾ. ആത്മീയകാര്യങ്ങൾക്ക് സ്വാതന്ത്ര്യം ഉണ്ട്. | **ഒരു മണിക്കൂറിനുള്ള ഏകദേശ പ്രോഗ്രാം** 5 മിനിറ്റ് സ്തുതി: 5 മിനിറ്റ് നന്ദി (സ്ത്രോതം): 5 മിനിറ്റ് ഏററുപറച്ചിൽ: 20 മിനിറ്റ് വചനധ്യാനം: 20 മിനിറ്റ് മദ്ധ്യസ്ഥ പ്രാർത്ഥന: 5 മിനിറ്റ് അപേക്ഷ: |
| **ശനി** കുട്ടികൾ, യുവജനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ | **4** ഏപ്രിൽ 8–12 വരെ കോട്ടയത്തു നടക്കുന്ന എസ്. എസ്. എൽ. ക്യാമ്പ്, കോളേജ് സ്റ്റുഡൻസ് ക്യാമ്പ്, കോളേജ് ഗേൾസ് ക്യാമ്പ്, സോദരി ഭവൻ ബൈബിൾ സ്കൂൾ, ബഥനി കുമ്പനാട്, ബ്രദ്റൻ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്, ഗോസ്പൽ ട്രെയിനിംഗ് സെന്റർ – പെരുമ്പാവൂർ. | **11** ചൈൽഡ് ഇവാഞ്ചലിസം മിനിസ്ട്രി പ്രവർത്തകർ, ബാലസംഘം പ്രവർത്തകർ, ചിൽഡ്രൻസ് ക്ലബ്ബ്, അതു എടുക്കുന്നവർക്കായി. കുഞ്ഞുങ്ങൾ രക്ഷിക്കപ്പെടാൻ, മാതാപിതാക്കൾ രക്ഷിക്കപ്പെടാൻ. അവധിക്കാലത്തെ വി. ബി. എസ്. അതു എടുക്കുന്ന ടീച്ചേഴ്സ്, ട്രെയിനിംഗ് നല്കുന്നവർക്കായി. സാമ്പത്തീക ആവശ്യങ്ങൾക്കായി. | **18** വിവാഹ പ്രായമെത്തിയ യുവതിയുവാക്കൾക്കുവേണ്ടി. അനാഥശാലകൾക്കായി. രഹബോത്ത് ഗേൾസ് ഓർഫനേജ് – നെല്ലിക്കുന്ന്, ദയാവിഹാർ തിരുവല്ല. ബേഥസ്ദാ ബോയിസ് ഹോം ഇരിങ്ങാലക്കുട. ഗേൾസ് ഓർഫനേജ് ഉസ്ലാംപെട്ടി, ബേഡ് മെമ്മോറിയൽ ചിൻഡ്രൻസ് ഹോം – ചെന്നൈ. ഈ സ്ഥാപനങ്ങൾ നടത്തുന്നവർ, നോക്കുന്നവർ, സാമ്പത്തിക ആവശ്യങ്ങൾ, കുട്ടികൾ രക്ഷിക്കപ്പെട്ട് ആത്മീയമായി വളരാൻ. | **25** മേഴ്സി ഹോം കുമ്പനാട്. തിരുവല്ല മെഡിക്കൽ മിഷൻ, മന്ദമരുതി മെഡിക്കൽ മിഷൻ, സി. എം. സി. വെല്ലൂർ, ലുധിയാന, പക്കാഞ്ചോർ ഹോസ്പിറ്റൽ. ഇവിടെയെല്ലാം നടക്കുന്ന ആത്മീയ പ്രവർത്തനങ്ങളിലൂടെ അനേകർ രക്ഷിക്കപ്പെടാൻ. പ്രവർത്തിക്കുന്നവർക്കായി. | |


Printed & Published by Tenson Joseph for Renewal Team at Thomson Press, Cochin, Karimpatta Road, Pallimukku, Cochin - 682 016.
Type Setting & Layout : Design Enroute, Ekm,